# ഗിരിദീപം

വാല്യം : 05 | ലക്കം : 08 | വില : ₹10



ഓഗസ്റ്റ് 15

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിന്റെയും സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകൾ

ഓഗസ്റ്റ് 2022


ഓഗസ്റ്റ് 4
111-ാം ജന്മവാർഷികം
മാർ സെബാസ്റ്റ്യൻ
വള്ളോപ്പള്ളി
തലശ്ശേരി അതിരൂപതയുടെ
പ്രഥമ അദ്ധ്യക്ഷൻ
Born : 04 August, 1911
Ordination : 24 August, 1945
Consecration : 08 January, 1956
Retired On : 18 February, 1989
Died : 04 April, 2006

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

**വാല്യം 05 ആഗസ്റ്റ് 2022 ലക്കം 08**

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
940 006 2898

# ഉള്ളടക്കം


1. Prot. No. 466/2022, സർക്കുലർ നമ്പർ 04/2022 ........ 05
2. സർക്കുലർ - കെസിബിസി - ജസ്റ്റീസ് സൺഡേ ........ 09
3. കച്ചേരിക്കാര്യം ........ 15
4. സെമിനാരി വാർത്തകൾ ........ 23
5. വിശ്വാസപരിശീലനം ........ 24
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 31
7. ചെറുപുഷ്പ മിഷൻലീഗ് ........ 35
8. തിരുബാലസഖ്യം ........ 44
9. യുവജനശുശ്രൂഷ ........ 47
10. കുടുംബപ്രേഷിതത്വം ........ 52
11. വിദ്യാഭ്യാസ ഏജൻസി ........ 58
12. വിമൽജ്യോതി വാർത്തകൾ ........ 64
13. സാൻജോസ് അക്കാദമി ........ 68
14. നിർമ്മലഗിരി വാർത്തകൾ ........ 69
15. ADAM ........ 72
16. ഇൻഫാം വാർത്തകൾ ........ 73
17. എ.കെ.സി.സി. ........ 74
18. ഏയ്ഞ്ചൽ ട്രസ്റ്റ് ........ 77
19. സാമൂഹ്യസേവനവേദി ........ 80
20. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ........ 83
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 86
22. Programme of the Archbishop Mar Joseph Pamplany... ........ 90
23. Programme of the Archbishop Emeritus Mar George Njaralakatt .. ...... 92
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 93

Prot. No. 466/2022 സർക്കുലർ നമ്പർ 04/2022

## സർക്കുലർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് കോശി കമ്മീഷനു സമർപ്പിക്കുവാൻ നമ്മുടെ അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി നടത്തിയ സർവ്വേ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ സർവ്വേകളുടെ പശ്ചാത്തലത്തിൽ വിശദമായ റിപ്പോർട്ട് ജസ്റ്റിസ് കോശി കമ്മീഷനു മുമ്പാകെ നാം സമർപ്പിക്കുകയുണ്ടായി. നമ്മുടെ സമുദായത്തെക്കുറിച്ചുള്ള ഗൗരവതരമായ ചില സ്ഥിതിവിവരങ്ങളാണ് ഈ സർവ്വേഫലം പുറത്തുകൊണ്ടുവന്നത്. നമ്മുടെ അതിരൂപതയെ സംബന്ധിച്ച് ചുരുങ്ങിയത് അടുത്ത 25 വർഷമെങ്കിലും മുൻപിൽ കണ്ടുകൊണ്ടുള്ള അജപാലന പദ്ധതികൾ രൂപപ്പെടുത്തുവാൻ ഈ സർവ്വേയിലെ കണ്ടെത്തലുകൾ പ്രേരിപ്പിക്കുന്നുണ്ട്.

2021 നവംബർ മാസത്തിൽ നടന്ന വൈദിക സമ്മേളനത്തിൽ ജസ്റ്റിസ് കോശി കമ്മീഷൻ സർവ്വേഫലങ്ങളെക്കുറിച്ചുള്ള ആദ്യഘട്ട ചർച്ചകളും പഠനങ്ങളും നടന്നു. 2022 ജൂലൈ മാസത്തിൽ നടന്ന വൈദികരുടെ തുടർപരിശീലന പരിപാടിയിലും പ്രധാന ചർച്ചാവിഷയം ഈ സർവ്വേ ഫലങ്ങളായിരുന്നു. നമ്മുടെ ഇടവകകളിലെ വിവിധ തലങ്ങളിൽ ഈ സർവ്വേഫലങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. അനേകം വിഷയങ്ങളെ നാം അഭിമുഖീകരിക്കേണ്ടതുണ്ടെങ്കിലും അടിയന്തര സ്വഭാവമുള്ള ഒരു വിഷയത്തെക്കുറിച്ച് ഈ സർക്കുലറിലൂടെ നിങ്ങളോട് സംവദിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ജനസംഖ്യയുമായി ബന്ധപ്പെട്ട സർവ്വേയിലുള്ള കണ്ടെത്തലുകളാണ് ഏറ്റവും ആശങ്ക ജനിപ്പിക്കുന്നത്. സീറോമലബാർ സഭയിലെ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവു സംഭവിക്കുന്നു എന്നുള്ളതാണ് എല്ലാ രൂപതകളിലെയും സർവ്വേകളിൽ വെളിപ്പെട്ട യാഥാർത്ഥ്യം. കേരളത്തിലെ മുഴുവൻ ജനസംഖ്യയിൽ 14 വയസ്സുവരെയുള്ള കുട്ടികൾ 20% വരുന്നുണ്ട്. എന്നാൽ അത് സീറോമലബാർ സമൂഹത്തിൽ 14 ശതമാനം മാത്രമാണ്. കേരളസമൂഹത്തിലെ ജനസംഖ്യാനിരക്ക് 1.9 ആണെങ്കിൽ അത് നമ്മുടെ സമുദായത്തെ സംബന്ധിച്ച് 1.6 ആയി കുറഞ്ഞിരിക്കുന്നു. ജനസംഖ്യയാണ് ഒരു സമൂഹത്തിന്റെ വളർച്ചയുടെയും നിലനില്പിന്റെയും അടിസ്ഥാന ഘടകം.

സർവ്വേയിലെ ജനസംഖ്യാപരമായ സ്ഥിതിവിശേഷത്തെക്കുറിച്ചുള്ള കണ്ടെത്തലുകൾ സത്വരവും ക്രിയാത്മകവുമായ ഇടപെടലുകൾ നടത്തുവാൻ നമോരോരുത്തരെയും പ്രേരിപ്പിക്കുന്നവയാണ്.

സർവ്വശക്തനായ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചശേഷം നൽകിയ അനുഗ്രഹം - ''സന്താനപുഷ്ടിയുള്ളവരായി പെരുകി പ്രപഞ്ചം നിറഞ്ഞ് അതിനെ കീഴടക്കുവിൻ'' എന്നതായിരുന്നു (ഉൽപ 1:28). സന്താന പുഷ്ടിയുള്ളവരായിരിക്കുവിൻ എന്ന ദൈവമായ കർത്താവിന്റെ അനുഗ്രഹത്തെ ഇന്ന് നാം ഗൗരവമായി ധ്യാനിക്കുകയും ജീവിതത്തിൽ സ്വീകരിക്കുകയും ചെയ്യേണ്ടത് മുൻപോട്ടുള്ള നിലനില്പിന്റെ വിഷയമായിത്തീർന്നിരിക്കുകയാണ്. ഗുരുതരമായ ഒരു ജനസംഖ്യാശോഷണം (Demographic Winter) നേരിടുന്ന സമൂഹങ്ങളിൽ ഒന്നാണ് നമ്മുടേത്. നമ്മുടെ കുടുംബങ്ങളിൽ, വിദ്യാലയങ്ങളിൽ, മതപഠന ക്ലാസ്സുകളിൽ - കുട്ടികളുടെ കുറവ് നാം അഭിമുഖീകരിക്കുന്നുണ്ട്. ദൈവം നമ്മുടെ പൂർവ്വികർക്ക് നൽകിയ ഈ വാഗ്ദാന നാട്ടിൽ നാം നാളിതുവരെ നിലയുറപ്പിച്ചതും വളർന്നതും പുരോഗതി പ്രാപിച്ചതും നമ്മുടെ സഭാംഗങ്ങളുടെ ആൾബലത്തിലും കൂട്ടായ്മയിലുമായിരുന്നു. എന്നാലിന്ന് ജനസംഖ്യാ ശോഷണത്തിലൂടെ നാം പ്രബലരായിരുന്ന ഇടങ്ങളിൽനിന്നെല്ലാം പുറംതള്ളപ്പെടുകയും അവിടങ്ങളിൽ മറ്റുള്ളവർ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. കഴിഞ്ഞ 20 വർഷംകൊണ്ട് നമ്മുടെ സമുദായത്തിന്റെ കയ്യിലുണ്ടായിരുന്ന ഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞത് നാം അറിയണം. വിവേകരഹിതമായി ഭൂമിയെ ബാധ്യതയായി കരുതി വിറ്റ് കളയുന്നത് നാളെ നമ്മെ കൂടുതൽ ദുർബ്ബലരും നിസ്സഹായരുമാക്കും എന്നത് മറന്നുകൂടാ.

'സന്താനപുഷ്ടിയുള്ളവരാകുവിൻ' എന്ന സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹത്തിനപ്പുറം, സർക്കാരുകളുടെ വികലമായ ജനസംഖ്യാ നിയന്ത്രണനയങ്ങളെയും കൃത്രിമ സന്താന നിയന്ത്രണരീതികളെയും നമ്മുടെ സമൂഹം വിവേചനരഹിതമായി ആവേശത്തോടെ സ്വീകരിച്ചതിന്റെ പരിണിത ഫലമാണ് കുഞ്ഞുങ്ങളുടെ കളിചിരികളും യുവാക്കളുടെ ആവേശപൂർവ്വകമായ സാന്നിധ്യങ്ങളും നഷ്ടപ്പെട്ട് വൃദ്ധമന്ദിരങ്ങൾപോലെ മൂകമായി മാറിയ നമ്മുടെ വീടുകളും ഇടവകാ കൂട്ടായ്മകളും. നമ്മുടെ പൂർവ്വികർ ചോരയും നീരും നൽകി ക്രിസ്തീയ മൂല്യങ്ങളും വിശ്വാസവും വളർത്തുന്നതിന് പടുത്തുയർത്തിയ വിദ്യാലയങ്ങളിലിന്ന് നാം ന്യൂനപക്ഷമായി. വ്യാപാര മേഖലകളിൽ, സർക്കാർ ജോലികളിൽ നമ്മുടെ സാന്നിധ്യം വിരളമായിക്കൊണ്ടിരിക്കുന്നു. കേരളവും ഇന്ത്യയും ഈ മണ്ണും സംവിധാനങ്ങളും

നമുക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന ചിന്തകൾ തിരുത്തപ്പെടണം. നമ്മുടെ നാട്ടിൽ ഇതര സമുദായങ്ങൾക്കും മതസ്ഥർക്കും പ്രാപ്യമായ ജീവസന്ധാരണ ഉപാധികൾ നമ്മുടെ യുവതീയുവാക്കൾക്കും പ്രാപ്യമാകണം. അനിയന്ത്രിതവും ആലോചനയില്ലാത്തതുമായ വിദേശ കുടിയേറ്റങ്ങളെ നാം പരിധിവിട്ടും പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്ന ആത്മശോധന ആവശ്യമാണ്.

പ്രിയപ്പെട്ടവരെ,

കേരളത്തിനും ഭാരതത്തിനും നമ്മുടെ സമുദായം നൽകിയ സമഗ്രമായ സംഭാവനകളെ നാം മറന്നുപോകരുത്. തുടർന്നും നമ്മുടെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് നേതൃത്വം കൊടുക്കാൻ നമുക്ക് കടമയുണ്ട്. അതിന് ജീവനുനേരേ നാം സ്വീകരിച്ചിരിക്കുന്ന നിഷേധാത്മക സമീപനങ്ങൾ മാറ്റണം. ദൈവം ദമ്പതികളെ ഏൽപിച്ച ജീവൻ നൽകാനുള്ള ഉത്തരവാദിത്വത്തെ ഉദാരതയോടെ അവർ സ്വീകരിക്കണം. ജീവനെതിരെ നിലപാടെടുത്ത ചൈന പോലുള്ള രാജ്യങ്ങളും പാഴ്സി പോലുള്ള സമുദായങ്ങളും അതിന്റെ തിക്തഫലം അനുഭവിച്ച് നയംമാറ്റത്തിന്റെ പാതയിലാണ്. നമ്മുടെ കുടുംബങ്ങളും ജീവനോട് തുറവിയുള്ളതാകണം. ജീവൻ ഉദാരതയോടെ സ്വീകരിക്കപ്പെടണം. ദൈവം തരുന്ന മക്കൾ എത്രയായാലും അവരെ സന്തോഷത്തോടെ സ്വീകരിച്ച് ജീവന്റെ സമൃദ്ധിയുള്ള യൗവ്വനയുക്തരായി നമ്മുടെ കുടുംബങ്ങളെയും അതിരൂപതയെയും നിലനിർത്തേണ്ടത് ഓരോ ദമ്പതിമാരുടെയും കുടുംബാംഗങ്ങളുടെയും കടമയാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

പല ആളുകൾക്കും ദൈവിക ജീവനെന്ന ദാനം സ്വീകരിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നത് അവരുടെ സാമ്പത്തിക പരാധീനതകളാണ്. പ്രിയപ്പെട്ട മാതാപിതാക്കളെ, നമ്മുടെ ഒരു കുടുംബവും ഇവിടെ തനിച്ചല്ല, മറിച്ച് അതിരൂപതയാകുന്ന വലിയ കുടുംബത്തിലെ അംഗമാണ് ഓരോ കുടുംബവും. നാം പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ജീവന്റെ സമൃദ്ധി ഉറപ്പാക്കുകയും ചെയ്യണം. അതുകൊണ്ട് സാമ്പത്തിക പരാധീനതകൾ ദൈവം തരുന്ന മക്കളെ വേണ്ടെന്നു വയ്ക്കാൻ കാരണമാകരുത്. ദൈവപരിപാലനയെന്ന നിത്യസത്യത്തെ നിങ്ങളുടെ കുടുംബങ്ങൾക്ക് അനുഭവിക്കാൻ ദൈവംതന്നെ ഇടവരുത്തും.

നമ്മുടെ അതിരൂപതയിലെ വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ നേതൃത്വത്തിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. തലശ്ശേരി അതിരൂപത ഫാമിലി അപ്പൊ

സ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അമല പ്രൊലൈഫ് സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാൻ പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾക്ക് ഫീസിളവ് നൽകുന്നുണ്ട്. ഓരോ വർഷവും 3 കോടിയിലധികം തുക സ്കോളർഷിപ്പായി അതിരൂപത യുടെ അഭിമാനമായ വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് വഴി നാം നൽകുന്നുണ്ട്. പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ് പ്രൊഫഷണൽ വിദ്യാ ഭ്യാസത്തിനായി നാലിൽ കൂടുതൽ കുട്ടികളുള്ള പാവപ്പെട്ട കുടുംബ ങ്ങളിലെ ഒരു കുട്ടിക്ക് 50,000/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്. ഏറ്റവും അർഹരായ വർക്കെല്ലാം ഈ പദ്ധതിയിലൂടെ ഈവർഷം മുതൽ സഹായം എത്തി ക്കണമെന്നാണ് അതിരൂപത ആഗ്രഹിക്കുന്നത്. അർഹരായ കുട്ടിക ളെ ഈ പദ്ധതിയിലേക്ക് കണ്ടെത്തുവാൻ ഫാമിലി അപ്പൊസ്റ്റൊലേ റ്റിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 4 കുട്ടിക ളിൽ കൂടുതൽ എന്ന മാനദണ്ഡത്തിനു പുറമേ നൂറ്റമ്പതോളം നിർദ്ധ നരായ കുട്ടികൾക്ക് സ്കൂൾ പഠനത്തിനായി 15,000/- രൂപ വീതവും കൂടാതെ നൂറോളം കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി 40,000/- രൂപ വീതവും പ്രതിവർഷം നൽകുന്ന പദ്ധതിയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി നമ്മുടെ അതിരൂപതയിൽ നടക്കുന്നുണ്ട്.

വലിയ കുടുംബങ്ങൾ ക്രിസ്തീയ ജീവിത സാക്ഷ്യത്തിന് ഉത്തമ ഉദാഹരണങ്ങളാണ്. ദൈവം നൽകുന്ന മക്കളെ സ്നേഹപൂർവ്വം സ്വീക രിക്കുകയും അതിലടങ്ങിയിരിക്കുന്ന ത്യാഗങ്ങൾ സന്തോഷത്തോടെ ഏറ്റെടുക്കുകയും ചെയ്യുമ്പോഴാണ് ദൈവീക പദ്ധതി പൂർത്തിയാകു ന്നത്. സമൂഹത്തോടും സഭയോടുമുള്ള കടമകൾ നമുക്ക് നിർവ്വഹി ക്കാം. നമ്മുടെ സമുദായത്തിന്റെ ശാക്തീകരണത്തിനായി ഉപകരി ക്കുന്ന എല്ലാ അജപാലന പദ്ധതികളിലും നിങ്ങൾ സഹകരിക്കുമ ല്ലോ. നല്ലവനായ ദൈവം നമ്മെയും നമ്മുടെ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

**മാർ ജോസഫ് പാംപ്ലാനി**

തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

NB: ഈ സർക്കുലർ 2022 ആഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3735/K-5/KCBC/OL/DS 20.07.2022

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2022 ആഗസ്റ്റ് 21 ഞായർ

### കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസ്സമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത് ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേക ലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേയുംപറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണ ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രശ്ന പരിഹാരാർത്ഥം വിവിധ കർമ്മപരിപാടി

കൾ ആവിഷ്കരിക്കുകയും ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കുവേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നത്. പട്ടിക ജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദരങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾചെയ്തു: “നിങ്ങളെല്ലാവരും സഹോദരന്മാരാണ്” (മത്തായി 23/8) “നിങ്ങൾക്കൊരു പിതാവേയുള്ളൂ സ്വർഗ്ഗസ്ഥനായ പിതാവ്” (മത്തായി 23/9), “എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്” (മത്തായി 25/40). സഭയ്ക്കുള്ളിൽ താത്ത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി-വർണ്ണ, വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജന വിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടുത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇട നൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്ന്യാസാ ന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004 ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ്

ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത് മാത്രമാണ് പ്രസ്തുത ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം വിശ്വാസം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തുനാഥനു സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കുവേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ആഗസ്റ്റ് 10 വഞ്ചനാദിനമായും 'ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021-2022) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്. എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി/ബി.സി കമ്മീഷൻ പേർക്ക് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേ

ളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർഥവത്താക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

**ബിഷപ് യൂഹാനോൽ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

---

NB: 2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

പി.ഒ.സി. കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682025




**1. പുതിയ നിയമനങ്ങൾ**

**ഫാ. ജോൺ ചെമ്പനാനിക്കൽ:** വിജയപുരം (ആശാൻകവല) പള്ളിയുടെ വികാരിയായി ബഹു. ജോൺ ചെമ്പനാനിക്കൽ അച്ചനെ അഭിവന്ദ്യപിതാവ് നിയമിച്ചു. 2022 ജൂലൈ മാസം 9-ാം തീയതി ജോൺ അച്ചൻ ചാർജ്ജെടുത്തു. ജോൺ അച്ചന് ആശംസകളും അനുമോദ നങ്ങളും.

**ഫാ. സേവ്യർ തേക്കനാൽ എം.സി.ബി.എസ്:** ജയഗിരി പള്ളി യുടെ വികാരിയായി ബഹു. സേവ്യർ തേക്കനാൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2022 ജൂലൈ മാസം 9-ാം തീയതി അച്ചൻ ചാർജെ ടുത്തു. നമ്മുടെ അതിരൂപതാ കുടുംബത്തിലേയ്ക്ക് ബഹു. സേവ്യർ അച്ചന് ഹൃദ്യമായ സ്വാഗതവും ഒപ്പം ആശംസകളും.

ഫാ. സേവ്യർ തേക്കനാൽ - ഫോൺ : 9656353999

**ഫാ. തോമസ് കരിങ്ങടയിൽ Ofm Cap:** പെരുമ്പടവ് പള്ളിയുടെ അസി. വികാരിയായി ബഹു. തോമസ് കരിങ്ങടയിലച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2022 ജൂലൈ 16-ാം തീയതി തോമസ് അച്ചൻ ചാർജെ ടുത്തു. നമ്മുടെ അതിരൂപതാ കുടുംബത്തിലേയ്ക്ക് ബഹു. തോമസ് അച്ചന് സ്വാഗതവും ഒപ്പം ആശംസകളും.

ഫാ. തോമസ് കരിങ്ങടയിൽ - ഫോൺ : 9207219935

**ഫാ. ആന്റണി മുഞ്ഞനാട്ട്:** പയ്യന്നൂർ പള്ളിയുടെ അസി. വികാ രിയായി ബഹു. ആന്റണി മുഞ്ഞനാട്ട് അച്ചനെ അഭിവന്ദ്യപിതാവ് നിയ മിച്ചു. ഛാന്ദാ രൂപതാംഗമായ ആന്റണി അച്ചൻ 2022 ജൂലൈ 9-ാം തീയതി ചാർജെടുത്തു. ഇടവകാ ശുശ്രൂഷയോടൊപ്പം പയ്യന്നൂർ കോളേജിൽ പഠനവും ആന്റണി അച്ചൻ നടത്തുന്നുണ്ട്. ആന്റണി അച്ചനും അതിരൂപതാ കുടുംബത്തിലേയ്ക്ക് സ്വാഗതവും ഒപ്പം ആശം സകളും.

ഫാ. ആന്റണി മുഞ്ഞനാട്ട് - ഫോൺ : 7907923013

**2. അഭിനന്ദനങ്ങൾ:** ജർമനിയിൽ റൊട്ടൻബുർഗ് രൂപതയിൽ MeBstetten - Unterdigisheim - Obernheim - Nusplingen ഇടവകകളുടെ വികാരിയായി നിയമിതനായ പ്രിയപ്പെട്ട സാഫി പവ്വത്ത് അച്ചന്

ആശംസകൾ... പുതിയ പ്രവർത്തനമേഖലയിൽ സാഫി അച്ചന് ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

Adress: Pfr. Safi Powath
Ludwig - Uhland - StraBe 16
72469 MeBstetten, Germany

**2. ആഗസ്റ്റ് 4 വിയാനി ഡേ**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി യുടെ തിരുനാളാണ് ആഗസ്റ്റ് 4. എല്ലാ സഹോദര വൈദികർക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. ദൈവാലയങ്ങളിൽ സാധി ക്കുന്നിടത്തോളം വിയാനിപുണ്യാവാനെ അനുസ്മരിച്ചുള്ള ചെറിയ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് കുട്ടികൾക്ക് വൈദികജീവിത മെന്ന ദൈവവിളിക്ക് പ്രചോദനം ആകാൻ ഇടയുണ്ട്. നമ്മുടെ പ്രിയ പ്പെട്ട അച്ചന്മാർക്കുവേണ്ടി ഈ ദിനം പ്രത്യേകം പ്രാർത്ഥിക്കാം.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 111-ാം ജന്മ വാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ മാർ സെബാ സ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 111-ാം ജന്മദിനമാണ് ആഗസ്റ്റ് 4-ാം തീയതി. ആഗസ്റ്റ് 4-ാം തീയതി വന്ദ്യപിതാവിനെ അനുസ്മരിച്ച് പ്രാർത്ഥിക്കാം.

**4. ആദരാഞ്ജലികൾ**

**സി. എലൈസ് തുളുവനാനിക്കൽ** : വി. കുർബാനയുടെ ആരാ



ധനാ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസ് അംഗമായ സി. എലൈസ് തുളുവനാനിക്കൽ (73) 2022 ജൂൺ മാസം 30-ാം തീയതി നിര്യാതയായി. ബഹു. സി. എലൈസ് ഏതാനും നാളുകളായി ക്യാൻസർ രോഗ ബാധിതയായി ചേറ്റംകുന്ന് ജോസ്ഗിരി കോൺ വെന്റിൽ ചികിത്സയിലും വിശ്രമത്തിലും കഴിയുക യായിരുന്നു. മൃതസംസ്ക്കാരം 2022 ജൂലൈ 1-ാം തീയതി കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വ ത്തിൽ നടന്നു. സിസ്റ്ററിനെ പ്രാർത്ഥനയിൽ ഓർമിക്കാം.

**ശ്രീമതി മേരി പാലമറ്റം (96)** : ബഹു. മാത്യു പാലമറ്റം അച്ചന്റെ പ്രിയപ്പെട്ട മാതാവ് മേരി പാലമറ്റം 2022 ജൂലൈ 10-ാം തീയതി നിര്യാ തയായി. മൃതസംസ്ക്കാരം 2022 ജൂലൈ 11-ാം തീയതി കല്ലുവ

യൽ സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ. പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ശ്രീ. ജോർജ് കുരീക്കാട്ടിൽ (70)** : ബഹു. ജോസഫ് കുരീക്കാട്ടിലച്ചന്റെ അനുജൻ ജോർജ് 2022 ജൂലൈ മാസം 12-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2022 ജൂലൈ 13-ാം തീയതി കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പരേതന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ബഹു. കുരീക്കാട്ടിൽ അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

**ശ്രീമതി അന്നമ്മ ജോൺ (76)** : ബഹു. ജോസഫ് (ബിജു) മറ്റത്തിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് അന്നമ്മ ജോൺ 2022 ജൂലൈ 24-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2022 ജൂലൈ 25-ാം തീയതി അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമികത്വത്തിൽ പനത്തടി ഫൊറോന ദൈവാലയ സെമിത്തേരിയിൽ നടന്നു. പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം. പ്രിയപ്പെട്ട ബിജു അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനം അറിയിക്കുന്നു.

## 5. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
6. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
7. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
8. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
9. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
10. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
11. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
12. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
13. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
14. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
15. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
16. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

Port. No. 441/2022

**DECLARATION**

It is hereby brought to the attention of all that Rev. Fr. Mathew Mullappally until now a member of the clergy of the Archeparchy of Thalasserry, of his definitive and non-retractable decision, for personal reasons, to leave priesthood and to return to secular life and that he has informed the Archbishop his desire to get dispensation from all his clerical obligations and consequently of clerical rights as well. Therefore, after mature consideration and due consultations, the undersigned Archbishop of Thalassery has suspended him from the exercise of all his priestly faculties with immediate effect as per CCEO c. 1453. Until otherwise provided, his priestly faculties remain suspended and therefore, he has no more permission to exercise any of those faculties either inside or outside the Archeparchy of Thalassery.

Issued from the curia of the Archeparchy of Tellicherry on 28th June 2022.

Fr. Joseph Muttathukunnel
Chancellor

Mar Joseph Pamplany
Archbishop of Tellicherry

**7. വൈദികരുടെ വാർഷികധ്യാനം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഇക്കൊല്ലത്തെ വാർഷിക ധ്യാനം രണ്ടു ബാച്ചുകളിലായി നടത്തുന്നു. 2022 സെപ്റ്റംബർ 11 മുതൽ 16 വരെ ആദ്യബാച്ചിന്റെയും 18 മുതൽ 23 വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. ഈ വർഷത്തെ വാർഷിക ധ്യാനം നയിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവാണ്. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം മദർഹോമിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം മൈനർ സെമിനാരിയിൽവച്ചുമാണ് നടക്കുക. ധ്യാനത്തിൽ പങ്കെടുക്കുവാനുള്ള വൈദികരുടെ പേരുകൾ രണ്ടുബാച്ചുകളിലായി ക്രമീകരിച്ചത് ചുവടെ ചേർക്കുന്നു.

## Priests Annual Retreats 2022 September 11 -16, September 18-23

### I Batch (September 11-16)

**Rev. Frs**

Sl.No Name
1 Achandiyil George
2 Amakkattu Thomas
3 Alamkottu Mathew
4 Anakkallil James
5 Anthyamkulam Johnson
6 Arackal Kuriakose
7 Ankallil Joseph
8 Areplackal Mathew
9 Areechira Sebastian OCD
10 Attangattil Thomas
11 Cheripuram Sebastian
12 Chakkanikunnel Thomas
13 Chakkananickal Scaria
14 Chalil George CST
15 Chempothothical Jose O.pre
16 Chellamkottu Mathew
17 Chempananickal John
18 Chennoth Sebastian
19 Cheriyamkunnel Josep
20 Cheriampurath Varghese
21 Chilampikunnel Joseph MCBS
22 Cheruvil Thomas
23 Elanjiparambil James
24 Edayadiyil Sebastian
25 Edukunnel Elias
26 Elamthuruthipadavil Mathew
27 Elavumkunnel George (Sr)
28 Elukunnel George
29 Ezhuparayil Joseph
30 Ittiyappara Sebastian
31 Kadakuzha Jude
32 Kaithackal Joseph MCBS
33 Kalapurackal Varghese
34 Kalarickal Joseph
35 Kallumkal Mathew
36 Kanakkattu Joseph
37 Kanjirathinkal Joseph
38 Karimpoozhickal Joseph
39 Karakkattu Kuriakose
40 Karingadiyil Thomas Ofm. Cap.
41 Keezharathil Thomas
42 Karottu George
43 Kanachikuzhy Varghese CST
44 Kanattu Emmanuel Ofm Cap.
45 Karukamalil Joseph
46 Kaviyil Philip
47 Kochuveettil Peter
48 Kidangeth Sebastian O.prem
49 Kolangayil Thomas Ofm.Conv.
50 Kizhakethalackal Martin
51 Kottukapally Thomas
52 Koyipuram Joseph
53 Konickal Mathew
54 Koonanickal Thomas
55 Kottarathil Joseph
56 Koyipuram Joseph (Edwin)
57 Kulathara Joseph
58 Kureekattil Joseph
59 Kurissummootil Joseph
60 Kuthuly Joseph HGN
61 Kudilil Mathew
62 Kuttikkattukunnel Jacob
63 Madappanthottukunnel Joseph
64 Marasseril Thomas
65 Madassery Lukose
66 Manjakunnel Michael
67 Manoor John Jr.

68 Mattappally Luckose
69 Mattathil Joseph
70 Mampuzhackal Ruble SJ
71 Menappattupadickal Thomas
72 Mundackal Jose
73 Mukkuzhy Mathew
74 Mookilikkattu Sebastian
75 Mullamangalam Sebastian
76 Muttumannil Philip
77 Mundaplackal Joseph
78 Narimattathil Joseph CST
79 Naduvilekkutt Thomas
80 Nedungattu Jacob
81 Neendoor Thomas
82 Nellithanathil Dennis
83 Nirappel Joseph
84 Noorammackal John
85 Olickal Mathew
86 Olikarottu Thomas
87 Orathel Joseph
88 Orathel Kuriakose
89 Ottaplackal Joseph
90 Pallineerackal Jacob
91 Palakeel Joseph
92 Palakuzhy Sebastian
93 Panthallooparambil Kuriakose
94 Pathiyottil Joseph
95 Peedikaparambil Sebastian Ofm. Cap.
96 Poovassery Mathew Ofm Cap.
97 Ponnambel John
98 Parathepathickal Antony
99 Poovannikunnel Jose
100 Poovathanickal John Paul
101 Poovanpuzha Thomas
102 Ponatt Abraham
103 Pulickal George
104 Purathemuthukattil Don Bosco
105 Puthenpurackal Xavier (Sr)
106 Puthenpura Sebastian
107 Poweth Joseph
108 Puthussery Abraham
109 Rathapally Francis
110 Tharamangalam Alex
111 Thekkumcheril George
112 Thelakkatt Xavier
113 Thayyil Thomas
114 Thengumpallil Thomas
115 Thekkevayalil George
116 Thottiyil Jomy Joseph PSDP
117 Uthupassery Bibin MSFS
118 Thykunnumpuram George
119 Vadakemulanjanal Thomas
120 Vadakemuriyil Thomas
121 Vadakkan Augustine
122 Vadasseril Scaria
123 Valiaparambil Mathew
124 Valiplackal Thomas
125 Valliyil Thomas
126 Varickanickal Martin
127 Vellaringattu George
128 Vattamkattel Thomas
129 Vattapara Devasia
130 Vattukalam Jacob
131 Vengaparambil Johnson
132 Vennayappallil Jacob
133 Vettiyanickal Antony
134 Vettiyanickal Varghese
135 Varambakath Lazar
136 Vallimala George
137 Vazhapillil Shijomon Joseph HGN
138 Vettickal Jose
139 Vettuvayalil Mathew
140 Valavanal Mathew
141 Thekkenal Xavier MCBS

## II Batch (September 18-23)

### Rev. Frs

Sl.No Name
1 Ailattil Chacko Ofm Cap.
2 Ambattu Sebastian
3 Anakkallil Antony
4 Anacharil Joseph
5 Anickathottathil Jacob
6 Anithanam Joseph
7 Asariparambil Mathew
8 Areekattu Pious
9 Asarikunnel George
10 Attel Emmanuel
11 Chackamkunnel Augustine
12 Chalil George
13 Chakkittamuriyil Thomas
14 Chanakkattil Antony
15 Chelamaram George
16 Chathanattu Joseph
17 Chellamkottu James
18 Chennappally George
19 Chennattu Philip
20 Chakeyarath Mathew
21 Cherusssery Joseph
22 Chiranakkal Scaria
23 Edathinakath Paul
24 Choorackal Raphel VC
25 Chittett Antony
26 Elavumkunnel George (Jr)
27 Enacheril Joseph
28 Eruppakkatt Philip
29 Ikkaraparambil Joseph
30 Kakkaramattam Joseph
31 Kakkattil Jose
32 Kalappura George
33 Kalapurackal Joseph
34 Kalarickal Kuriakose
35 Kalarimuriyil George
36 Kaniyamparambil Thomas Ofm. Conv.
37 Kalathil Thomas
38 Kanjirakkatt George
39 Kandathil Paul
40 Karickathadathil George
41 Karakkattu Philip
42 Kavanady Joseph
43 Kayammackal Mathew
44 Karickal Mathew
45 Kizhukkarakattu Joji CM
46 Kizhuthara George
47 Kochukarottu Thomas
48 Kidarathil Thomas
49 Kolakunnel Kuriakose
50 Koonankiyil Emmanuel
51 Koovapparayil John
52 Kochupurackal Abraham
53 Kovoorputhenpurayil John
54 Koluthappallil Joseph
55 Kudiparambil Chacko
56 Kureekattil Paul CMI
57 Kunnel Mathew
58 Kuzhiyanimattathil Joseph
59 Madathimyalil Abraham
60 Manavath Thomas
61 Malakkaran Joseph
62 Manchapillil Joseph
63 Manickathazhe Jose
64 Manjalamkunnel Antony
65 Mattakottil Antony
66 Mattathil Isaac
67 Mangalath Varghese Ofm. Cap.
68 Mangattil Mathew Ofm. Conv.
69 Manappathuparambil Sebastian
70 Melvettom Mani
71 Menachery Louis
72 Moonnanapally James

73 Munjanattu Antony
74 Mundankunnel George
75 Mundamattam Thomas
76 Mundolickal John
77 Muthukunnel Antony
78 Muttathukunnel Joseph
79 Muttathupara Sebastian
80 Naduvathettu Devasia O.Prem.
81 Nallukunnel Antony Ofm. Conv.
82 Narikuzhy Mathew
83 Nelluvelil George
84 Nirappel Alex
85 Nirappel Scaria
86 Noorammackal Joseph
87 Onamkulam John
88 Ottaplackal Abraham
89 Padinjareanisseril George
90 Padinjaremuriyil Pious
91 Padinjareyil Jacob
92 Paimpillil Thomas
93 Palamattam Mathew
94 Pallichamkudy Sebastian TOR
95 Pallikunnel Antony
96 Pampackal Thomas
97 Pandaraparambil Joseph
98 Pandiammackal Augustine
99 Panjikunnel Jacob
100 Panthalanickal Thomas
101 Parappalliyath Martin
102 Poovathanikunnel Scaria
103 Paravarakath Mathew
104 Pariyanickal Mathew
105 Pathickal Thomas
106 Pazheparambil George
107 Pattamkulam Thomas
108 Plavunilkumparambil Kuriakose
109 Podimattam Sebastian
110 Pottemplackal Mathew
111 Puthukulangara Kuriakose
112 Poovathinkal Emmanuel
113 Pottenpuzha Jose
114 Poovatholil Joseph
115 Pravarthummalayil Mathew
116 Pulickakunnel Jacob
117 Puliyurumbil Johnson
118 Punchatharappel George
119 Punnur Antony
120 Puthenpurackal Xavier (Jr)
121 Puthennadayil James
122 Puthussery Joseph
123 Puthenpurayil Varghese Ofm. Cap.
124 Puthumana Joseph
125 Rathappillil Joseph
126 Sasthampadavil Mathew
127 Thadathimackal Varkey
128 Thattuparambil Paul Colping
129 Thadathiputhenveetil Thomas
130 Thayyil Joseph
131 Thenammackal Joseph
132 Thekkedath Sebastian
133 Thekkel Andrews
134 Thekkemuriyil Antony
135 Thekkemury Mathew
136 Thykunnumpuram Joseph
137 Urumpukattil Augustine
138 Vadakkeparambil Joseph
139 Vazhakatt John
140 Vayalumkal Joseph
141 Valloppilly Paul
142 Varanath Joseph
143 Vazhakkuzha Ebin O. Carm.
144 Velloorputhenpurayil Thomas
145 Vengakunnel Mathew

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

## ലൈഫ് ഗൈഡൻസ് കോഴ്സ്

നമ്മുടെ അതിരൂപതയിലെ കോർപറേറ്റ് സ്കൂളുകളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ലൈഫ് ഗൈഡൻസ് കോഴ്സുകൾ സംഘടിപ്പിക്കുന്നു. ജീവിതലക്ഷ്യം, ജീവിതമര്യാദകൾ, എങ്ങനെ പഠിക്കാം പരീക്ഷയെഴുതാം, കൗമാര സവിശേഷതകൾ, മാധ്യമങ്ങളുടെ ഉപയോഗം എന്നിങ്ങനെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടുന്ന ടീം അംഗങ്ങളാണ് ക്ലാസ്സുകൾ നയിക്കുന്നത്. ജൂലൈ 30, ഓഗസ്റ്റ് 6, ഓഗസ്റ്റ് 13, ഓഗസ്റ്റ് 27 എന്നീ ദിവസങ്ങളിൽ ഏതെങ്കിലും ഒന്ന് സ്കൂൾ അധികാരികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്. നമ്മുടെ കുട്ടികൾക്ക് ഏറെ ഉപകാരപ്രദമായ ലൈഫ് ഗൈഡൻസ് കോഴ്സ് സ്കൂളുകളിൽ സംഘടിപ്പിക്കുവാൻ ബഹു. മാനേജർ അച്ചൻമാരും ബഹു. ഹെഡ്മാസ്റ്റർമാരും പ്രത്യേകം താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്ലാസിന്റെ ക്രമീകരണങ്ങളെ സംബന്ധിച്ച് പ്രായോഗിക കാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).**

## 1. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 2. ഓഗസ്റ്റ് 4 – വിയാനി ഡേ

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ഓഗസ്റ്റ് 4-ാം തീയ്യതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യണം. ഓഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച വി. കുർബാനയ്ക്ക് ശേഷം മീറ്റിംഗ് കൂടി ബഹു. വികാരിയച്ചന് ആശംസകൾ നേരുന്നത് ഉചിതമാണ്.

## 3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ഓഗസ്റ്റ് 4. സാധിക്കുന്ന എല്ലാവരും അന്നേ ദിവസം വി. കുർബാനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 4. സർവ്വേ ഫോം – 2022-2023

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2022-2023 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഓഗസ്റ്റ് 10-നുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 5. ആമുഖസെമിനാർ... നന്ദി

ജൂലൈ 22 മുതൽ 24 വരെയുള്ള തീയതികളിലായി നടത്തിയ 73-ാമത് ആമുഖസെമിനാറിൽ 89 വിശ്വാസപരിശീലകർ പങ്കെടുത്തു. ആമുഖ സെമിനാർ മാർ ജോർജ് വലിയമറ്റം പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പാംപ്ലാനി, മോൺ സെബാസ്റ്റ്യൻ പാലാക്കുഴി, റവ. ഡോ. ടോം ഓലിക്കരോട്ട്, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഫാ. സോണി വടശ്ശേരിൽ, റവ. ഡോ. തോമസ് മേൽവെട്ടത്ത്, റവ. ഡോ. ജോർജ് കരോട്ട്, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ജോൺസൺ അന്ത്യംകുളം, ശ്രീ. ജോബി ജോൺ

മൂലയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മോഡൽക്ലാസ്സ് എടുത്ത സി. സീന സേവ്യർ എഫ്.സി.സി, സി. റോസ്ന ഫ്രാൻസീസ് എസ്.എച്ച് എന്നിവർക്കും എല്ലാ റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയ ച്ചൻമാർക്കും ഹൃദ്യമായ നന്ദി.

## 6. ഓണപരീക്ഷ - സെപ്റ്റംബർ 11

ഓണപരീക്ഷ സെപ്റ്റംബർ 11-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരു ങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 11-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 7. ജനറൽ ചോദ്യങ്ങൾ

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ

ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 21-ന് പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

## 8. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 9. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 10. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2021-2022 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വെച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ കുട്ടികൾക്ക് ഓഗസ്റ്റ് 15-നുള്ളിൽ വിതരണം ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 11. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻ

മെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായ ങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം

## 12. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കേണ്ട ടീമിനെ ഫൊറോന മതബോധന കൗൺ സിലിന് തീരുമാനിക്കാവുന്നതാണ്. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### ജൂലൈ മാസത്തിൽ നടന്ന സെമിനാർ

**a. ചെമ്പന്തൊട്ടി :** ജൂലൈ 9 ശനിയാഴ്ച ചെമ്പന്തൊട്ടി ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡണ്ട് ശ്രീ. തോമസ് താഴത്തേൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജോയി കുരിശുകുന്നേൽ നന്ദിയും പറഞ്ഞു. ശ്രീ. ജോബി ജോൺ മൂലയിൽ ക്ലാസ്സിന് നേതൃത്വം നൽകി. സെമിനാറിൽ 130 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

## 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ

ശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | തോമസ് ആലുങ്കൽ |
| ചെമ്പേരി | സജി ജോസഫ് കാക്കനാട്ട് |
| ചെറുപുഴ | ജോണി കൈപ്പള്ളിപ്പാറയിൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | ജോർജുകുട്ടി ജോസഫ് പേണ്ടാനത്ത് |
| കാസർഗോഡ് | ജോസ് കുഴിവേലിൽ |
| കുന്നോത്ത് | ജോബി ഷിജി പനച്ചിക്കക്കരോട്ട് |
| മേരിഗിരി | ജോസഫ് മൂലംതുരുത്തിൽ |
| നെല്ലിക്കാംപൊയിൽ | ജോസ് പുഷ്പക്കുന്നേൽ |
| പൈസക്കരി | വിൽസൺ കന്നുകെട്ടിയേൽ |
| പനത്തടി | റെജി ലോറൻസ് |
| പേരാവൂർ | ബേബി പാലക്കലോടി |
| തളിപ്പറമ്പ് | ബെന്നി ജോസഫ് മുരിങ്ങയിൽ |
| തോമാപുരം | ഷിജിത്ത് തോമസ് കുഴിവേലിൽ |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി ആനിക്കാട്ടുവയലിൽ |

## 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 15. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു

കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2022-23 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 16. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 17. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 18. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 19. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

## 20. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാനം നടത്തുന്ന തീയതികൾ ഓഗസ്റ്റ് 26-28, സെപ്റ്റംബർ 23-25, ഒക്ടോബർ 14-16, 28-30, നവംബർ 11-13, ഡിസംബർ 9-11, 16-18. ഓരോ ഫൊറോനയ്ക്കും ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്ന തീയ്യതി തീരുമാനിച്ച് ഓഫീസിൽ അറിയിക്കുമല്ലോ.

## 21. ദുക്റാന തിരുനാൾ - നന്ദി

നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ തിരുന്നാൾദിനം എല്ലാ സൺഡേ സ്കൂളുകളും വളരെ ആഘോഷപൂർവ്വം നടത്തി. അതിരൂപതാതല ആഘോഷം കോലുവള്ളി സൺഡേസ്കൂളിൽ വച്ച് നടത്തി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## 22. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ കോലുവള്ളി, കുട്ടാപറമ്പ്, മാമ്പൊയിൽ, ബെഡൂർ, പൊട്ടംപ്ലാവ് എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ വായാട്ടുപറമ്പ്, അങ്ങാടിക്കടവ്, ആയന്നൂർ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. തിയോളജി കോഴ്‌സുകളിലേക്കുള്ള അഡ്മിഷൻ

2022 –23 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 15 മുതൽ ആരംഭിച്ചു.

### തിയോളജി കോഴ്‌സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

### പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്‌സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്‌സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക് : Email - alphits @gmail.com, Ph: 9745363277, 8086312826.

## 2. 2022 – 23 അധ്യയനവർഷ ഉദ്ഘാടനം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022–23 അധ്യയനവർഷം ജൂലൈ 2–ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഓൺലൈൻ ആയിട്ടാണ് അക്കാദമിക് ഇയർ ഉദ്ഘാടനം നടന്നത്. മാണ്ഡ്യരൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ

ചാൻസലറും, തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയുമായ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷപ്രസംഗം നടത്തി. പ്രൊ. പി.സി. അനിയൻകുഞ്ഞ് മുഖ്യപ്രഭാഷകനായിരുന്നു.

### 3. തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം

തിയോളജി കോഴ്സിന്റെ വരുന്ന സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ അതാതു സ്റ്റഡിസെന്ററുകളിലും മതാദ്ധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചു നൽകുന്നതാണ്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും പുസ്തകങ്ങൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 4. 2022-23 ആദ്യ സെമസ്റ്ററിലെ BTh പാഠ്യവിഷയങ്ങൾ (മലയാളം/ ഇംഗ്ലീഷ്)

- ദൈവശാസ്ത്ര പ്രവേശിക (Introduction to Theology)
- കൂദാശകളുടെ ദൈവശാസ്ത്രം (Sacraments in General)
- മനുഷ്യദർശനം ദൈവശാസ്ത്രവീക്ഷണത്തിൽ (Theological Anthropology)
- യുഗാന്ത്യദൈവശാസ്ത്രം (Eschatology)
- ക്രിസ്തുവിജ്ഞാനീയം (Christology)

Seminar: Towards A Synodal Church: Synodality and its implications

### MTh പാഠ്യവിഷയങ്ങൾ (മലയാളം-ബിബ്ലിക്കൽ തിയോളജി)

- പ്രവാചകന്മാരുടെ പാതയിൽ
- വിജ്ഞാനഗ്രന്ഥങ്ങൾ
- എസക്കിയേൽ
- ജീവന്റെ ദൈവശാസ്ത്രം
- ഇതരമതദൈവശാസ്ത്രം

Assignment: Biblical Foundations of the Concept of Synodality

### MTh പാഠ്യവിഷയങ്ങൾ (Biblical Theology English)

- On the ways of Prophets
- Wisdom Literature
- Universal Letters
- Unity of Luke, Acts
- Messianic Expectations in the Old Testament

Assignment: Biblical Foundation of the Concept of Synodality

### MTh പാഠ്യവിഷയങ്ങൾ (മലയാളം - മോറൽ തിയോളജി)

- സാർവ്വത്രിക ലേഖനങ്ങൾ
- ജീവന്റെ ദൈവശാസ്ത്രം
- സത്യത്തിന്റെ പ്രഭ
- ഇതരമതദൈവശാസ്ത്രം
- വാണിജ്യ ധാർമ്മികത

Assignment : Biblical Foundation of the Concept of Synodality

### 5. ബിരുദദാന ചടങ്ങ് സെപ്റ്റംബർ മാസത്തോടെ...

ഈ വർഷം ബിരുദ - ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സെപ്റ്റംബർ മാസത്തിൽ നടത്തുന്ന

തായിരിക്കും. വിശദവിവരങ്ങൾ കോ - ഓർഡിനേറ്റേഴ്സ് മുഖാന്തരം പിന്നീട് അറിയിക്കുന്നതാണ്.

## 6. സഭാ നവീകരണ ധ്യാനം

കേരള കത്തോലിക്കസഭാ നവീകരണത്തിനുള്ള കാലഘട്ടമായി ആചരിക്കുന്ന 2022-25 വർഷങ്ങളിൽ നമ്മുടെ അതിരൂപത എല്ലാ ഇടവകകളിലും നവീകരണ ധ്യാനങ്ങൾ വചനപ്രഘോഷണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അതിരൂപത പ്രത്യേകമായി ക്രമീകരിക്കുന്ന ധ്യാനടീമുകളായിരിക്കും ഇടവകകളിൽ ധ്യാനത്തിന് എത്തുന്നത്. ധ്യാനത്തിന് ഒരുക്കമായ ഹോംമിഷൻ, വീട് വെഞ്ചരിപ്പ് എന്നിവയും ക്രമീകരിക്കുന്നതാണ്. 2022 ഡിസംബർ മുതൽ ധ്യാനം ആരംഭിക്കും. ചെമ്പേരി ഫൊറോനയിലാണ് നവീകരണ ധ്യാനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നടക്കുന്നത്.

## 7. You Cat

നമ്മുടെ അതിരൂപതയിൽ 12-ാം ക്ലാസ്സ് വേദപാഠം കഴിഞ്ഞ കുട്ടികളുടെ തുടർ വിശ്വാസപരിശീലനം ഉറപ്പാക്കുന്ന അഡൽറ്റ് കാറ്റക്കിസം പ്രോഗ്രാം - **You Cat** ഈ വർഷം മുതൽ ആരംഭിക്കുന്നു. അതിരൂപതയുടെ ദൈവശാസ്ത്ര കേന്ദ്രമായ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടാണ് പാഠപുസ്തകം തയ്യാറാക്കുന്നത്. വിശ്വാസ പരിശീലനകേന്ദ്രം, യുവജനപ്രേഷിതത്വം, എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പങ്കാളിത്തത്തോടെയായിരിക്കും ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. അതിരൂപതാതല യൂത്ത് ക്ലാസ്സുകൾക്ക് ഒരു ഏകീകൃത സിലബസ് ഉറപ്പാക്കുകയും യുവജനങ്ങളോടൊത്തുള്ള യാത്രയും വിശ്വാസപരിശീലനവും തുടരുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആധുനിക കാലത്ത് യുവജനങ്ങളെ ബാധിക്കുന്ന വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട് ടെക്സ്റ്റ് ബുക്കാണ് തയ്യാറാകുന്നത്.

## 8. ലോഗോസ് ബൈബിൾ ക്വിസ്

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 22-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും പ്രഖ്യാപിച്ചു.

### പഠനഭാഗം

- ജോഷ്വാ 1-12
- പ്രഭാഷകൻ 23-26
- മർക്കോസ് 9-16
- 1 കൊറി 9-16

### രജിസ്ട്രേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്. ലോഗോസ് ബൈബിൾ ക്വിസിൽ നമ്മുടെ അതിരൂപത മികച്ച പങ്കാളിത്തം പതിവായി നടത്താറുണ്ട്. ഈ വർഷവും ആ പതിവ് ആവർത്തിക്കണം. എല്ലാ ഇടവകകളിലും പരമാവധി ആളുകളെ പരീക്ഷയ്ക്കായി ഒരുക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ജൂൺ 14 മുതൽ ജൂലൈ 31 വരെ രജിസ്ട്രേഷൻ സമയം. ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇടവകാതലത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ഒരുമിച്ച് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയ്ക്കുമുള്ള username, password എന്നിവ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇവ രണ്ടും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ: 8086312826, ഓഫീസ് സമയം: തിങ്കൾ - ശനി 9.30-5.00

## 9. മാർതോമാ ശ്ലീഹാ: ഭാരതം കണ്ട ആത്മീയ തേജസ്

മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ആചരിക്കുന്നതിന്റെ ഭാഗമായി, മാർതോമാ ശ്ലീഹായെക്കുറിച്ച് സമഗ്രമായ അറിവ് നൽകുന്ന പുസ്തകം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. മാർതോമാ ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സൂക്ഷിക്കേണ്ട ഒരു വിശിഷ്ട ഗ്രന്ഥമാണിത്. മാർതോമാ ശ്ലീഹായെകുറിച്ചുള്ള വിവരങ്ങൾക്കൊപ്പം ശ്ലീഹായോടുള്ള വ്യത്യസ്ത പ്രാർത്ഥനകളും കൂടെ ഉൾപ്പെടുത്തിയ പുസ്തകത്തിന് 70 രൂപയാണ് മുഖവില. 50 രൂപക്ക് ഇടവകകൾക്ക് നൽകുന്നതാണ്. അതിരൂപതയിലെ KCYM ഓഫീസ് ആണ് വിതരണത്തിന്റെ ചുമതല വഹിക്കുന്നത്. വിശദവിവരങ്ങൾക്ക് ഫാ. ജീൻസ് വാളിപ്ലാക്കൽ : 9497439045, ആൽഫാ ഓഫീസ് : 8086312826

## 10. ജൂലൈ മാസത്തിലെ ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്ര ക്ലാസ്സുകൾ ജൂലൈ 23 മുതൽ ആരംഭിക്കുന്നു. ക്ലാസ്സുകളുടെ തീയതിയും ജൂലൈ മാസത്തിലെ സമയക്രമീകരണങ്ങളും ചുവടെ ചേർക്കുന്നു.

**MTh**

1. ദൈവശാസ്ത്രപ്രവേശിക - ജൂലൈ 23 (മലയാളം)
2. ദൈവശാസ്ത്രപ്രവേശിക - ജൂലൈ 30 (ഇംഗ്ലീഷ്)

**MTh**

1. പ്രവാചകന്മാരുടെ പാതയിൽ - ജൂലൈ 31 (മലയാളം)

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റോലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

സ്വർഗ്ഗീയ സന്തോഷം ഹൃദയത്തിൽ നിറയ്ക്കുവാൻ മന്നിലേയ്ക്ക് വന്ന ദൈവപുത്രന് ജീവിതം അർപ്പിച്ച പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും, സ്വതന്ത്ര്യഭാരതത്തിന്റെ ജീവശ്വാസം ഉൾക്കൊള്ളുവാൻ ഭാഗ്യംലഭിച്ച ഭാരതീയന്റെ സന്തോഷവും ഓർമ്മിക്കുന്ന ഈ സുന്ദരസുദിനത്തിൽ എല്ലാ മിഷനറിമാർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും അടിമത്വത്തിന്റെ ചങ്ങലകൾ തകർത്ത് സ്വർഗതുല്യമായ അസ്തിത്വത്തിലേക്ക് ഭാരതം ചിറകടിച്ച് ഉയർന്ന പ്ലാറ്റിനം ജൂബിലിയുടെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു...

ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി ഇടുങ്ങിയവാതിലിലൂടെ യാത്ര ചെയ്ത് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറി ആർസിലെ ശാപഭൂമിയെ പുണ്യഭൂമിയാക്കി മാറ്റിയ വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ഈ വിശുദ്ധന്റെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : | ചെറുപുഷ്പമിഷൻലീഗ് ദേശീയസമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതജപം | : | വി. തോമാശ്ലീഹായേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ. |
| സുകൃതം | : | 75 സ്വർഗ്ഗസ്ഥനായ പിതാവേ (ദേശീയ സമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി) |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ | : | നവമാലിക അദ്ധ്യായം 2 |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 തിങ്കൾ | : | പതിനഞ്ച് നോമ്പ് ആരംഭം |
| 3 ബുധൻ | : | ശ്രീ ജെയ്സൺ മർക്കോസ് നാലാം ചരമവാർഷികം, അനുസ്മരണം |
| 4 വ്യാഴം | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 8 തിങ്കൾ | : | അതിരൂപതാതല അൽഫോൻസാ ക്വിസ് |

11 വ്യാഴം : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 13-ാം ചരമവാർഷികം.
13 ശനി : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താരബാലൻമാരുടെ തിരുനാൾ
15 ഞായർ : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, മിഷൻലീഗ് വൈസ്ഡയറക്ടേഴ്സിന് നിയമാവലി പരീക്ഷ ഓൺലൈൻ
29 തിങ്കൾ : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അതിരൂപതാ സാഹിത്യമത്സരം, അൽഫോൻസാ ക്വിസ്സ്, പ്ലാറ്റിനം ജൂബിലി ആന്തമത്സരം, വൈസ് ഡയറക്ടേഴ്സ് നിയമാവലി ക്വിസ്സ്, സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം, ആരാധന.

### 3. മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇമെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com. ഫോട്ടോകൾ അയക്കാത്ത പച്ചക്കറിത്തോട്ടം മത്സരത്തിന് പരിഗണിക്കുന്നതല്ല.
- ശാഖകളുടെ പേരോടുകൂടിയ മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- നവംബർ - ജനുവരി മാസങ്ങൾക്കിടയിൽ മേഖല - അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- തോട്ടത്തിൽ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- 1,2,3,സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- വ്യക്തിപരമായി വീടുകളിലോ, സ്വന്തം സ്ഥലങ്ങളിലോ കൃഷിചെയ്യുന്ന പച്ചക്കറിത്തോട്ടം മത്സരങ്ങൾക്ക് പരിഗണിക്കുന്നതല്ല.
- കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 59 കാണുക.

## 4. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്

അൽഫോൻസാ ക്വിസ്സ് അതിരൂപതാതല മത്സരം ആഗസ്റ്റ് 8-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന 3 പേർ അടങ്ങുന്ന ഒരു ടീമാണ് അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗത്വകാർഡ് നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56 കാണുക.

## 5. വിയാനി ഡേ

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

## 6. അതിരൂപതാ സാഹിത്യമത്സരം

ആഗസ്റ്റ് 18-ാം തിയതി രാവിലെ 10 മണി മുതൽ താഴെപ്പറയുന്ന സെന്ററുകളിൽ വച്ച് അതിരൂപതാതല സാഹിത്യമത്സരം നടത്തപ്പെടുന്നു.

♦ **മത്സരം നടത്തപ്പെടുന്ന സ്ഥലങ്ങൾ**

**ഇരിട്ടി റീജിയൻ** - സെന്റർ : **ഇരിട്ടി പള്ളി** (കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പേരാവൂർ, എടൂർ മേഖലകൾ)

**ചെമ്പേരി റീജിയൻ** - സെന്റർ : **ചെമ്പേരി നിർമ്മല സ്കൂൾ** (ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പൈസക്കരി മേഖലകൾ)

**ആലക്കോട് റീജിയൻ** - സെന്റർ : **ആലക്കോട് മേരിമാതാ കോളേജ്** (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ മേഖലകൾ)

**കാഞ്ഞങ്ങാട് റീജിയൻ** - സെന്റർ : **പടന്നക്കാട് പാസ്റ്ററൽസെന്റർ** (വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, കാസർഗോഡ് സോൺ)

### നിർദ്ദേശങ്ങൾ

1 ഒരു അംഗത്തിന് രചനാമത്സരത്തിൽ ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.

2 ഒരു വ്യക്തി സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

3 മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ് നിർബന്ധമാണ്.

4 സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവരും മത്സര ദിവസം രാവിലെ 9.30 ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ എത്തിച്ചേരേണ്ടതാണ്. വിഷയങ്ങൾ അവിടെ വച്ച് നൽകുന്നതായിരിക്കും.

5 ഉപന്യാസം - 10 പേജിൽ കവിയരുത്, കഥ 6 പേജിൽ കവിയരുത്, കവിത 48 വരിയിൽ കവിയരുത്.
6 സമയം - ഒന്നര മണിക്കൂർ
7 മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആണ് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
8. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് - 52-54 കാണുക.

## 7. അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ 3-ാം തീയതി നടത്തപ്പെടുന്നതായിരിക്കും. മേഖലാതല മത്സരത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്ന ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുമാണ് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. വിജയികളുടെ ലിസ്റ്റ് അതിരൂപതയിൽനിന്ന് നൽകുന്ന ഫോമിൽ കൃത്യതയോടെ പൂരിപ്പിച്ച് സെപ്റ്റംബർ 20 നുള്ളിൽ നൽകേണ്ടതാണ്. കലോത്സവത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 52 - 54 കാണുക.

## 8. കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & പ്രഛന്ന വേഷ മത്സരം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 13-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം കോഴിച്ചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഛന്നവേഷമത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

### A) നിബന്ധനകൾ - പ്രഛന്നവേഷം

1 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2 ഒരു ശാഖയിൽ നിന്നും ഫസ്റ്റ് കിട്ടുന്ന ഒന്ന് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ.
3 പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
4 അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15
5 അയ്ക്കേണ്ട മെയിൽ - cmltly01@gmail.com

### B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ

1 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2 ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)

3 കുഞ്ഞേട്ടന്റെ ജീവിതത്തിന് ആദരവ് അർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറിക്കേണ്ടത്.

4 സമയദൈർഘ്യം 25 സെക്കന്റിനും 30 സെക്കന്റിനും ഇടയിൽ.

5 വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷകമായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.

6 പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

7 അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

8 അയ്ക്കേണ്ട നമ്പർ - **9400062913**

## 9. ജെയ്സൺ മർക്കോസ് അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കെ ആകസ്മികമായി മരണമടഞ്ഞ ശ്രീ ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കൽ 4-ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ് 3 ന് പേരാവൂർ ഫോറോനപ്പള്ളിയിൽ വച്ച് നടക്കും.

## 10. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2022-2023 വർഷത്തേക്കുള്ള എം റ്റി സി പഠനസഹായി തയ്യാറാക്കി നൽകുന്നതായിരിക്കും. മേഖലയ്ക്ക് ആവശ്യമായ എണ്ണം ജൂലൈ 30 ന് അറിയിക്കണം എന്നാണ് നേരത്തെ അറിയിച്ചിരുന്നത്. ഇനിയും ഏതെങ്കിലും മേഖലകൾ അറിയിക്കാനുണ്ടെങ്കിൽ ആഗസ്റ്റ് 5-ാം തീയതിക്ക് മുമ്പ് അറിയിക്കണം എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. എം റ്റി സി ക്യാമ്പുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 60 കാണുക.

## 11. ജൂബിലി പ്രബന്ധരചനാ മത്സരം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാനസമിതി ജൂബിലി പ്രബന്ധരചനാ മത്സരം നടത്തുന്നു.

### നിർദ്ദേശങ്ങൾ

- സൂപ്പർ സീനിയേഴ്സിനുമാത്രമായിരിക്കും മത്സരം (2003 ജനുവരി ഒന്നിന് മുൻപ് ജനിച്ചവർ)
- ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്ന പ്രബന്ധം നേരിട്ട് അതിരൂപതയിലേയ്ക്ക് പോസ്റ്റ് വഴി അയച്ച് തരിക. (ഒരു ശാഖയിൽ നിന്ന് ഒരെണ്ണം മാത്രം)
- മത്സരത്തിൽ ആൺ/ പെൺ വിത്യാസം ഇല്ല
- മിനിമം 15 പേജ് 17 പേജിൽ കവിയരുത്
- പ്രബന്ധരചന അയയ്ക്കുമ്പോൾ അംഗത്വകാർഡിന്റെ കോപ്പിയും ഉണ്ടായിരിക്കേണ്ടതാണ്.
- **വിഷയം: ചെറുപുഷ്പ മിഷൻലീഗും സ്ഥാപകരും**

- മത്സരാർത്ഥികൾ ഒരു സ്ലിപ്പിൽ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. ആരും പ്രബന്ധം എഴുതുന്ന പേപ്പറിൽ നിങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ എഴുതേണ്ടതില്ല.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 30 ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.
- മാർക്ക് വിഭജനം: വിഷയാധിഷ്ഠിത രചന 50%, ആകർഷകമായ രചനാശൈലി 25%, ഭാഷാ ലാളിത്യം 25%
- മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

## 12. പ്ലാറ്റിനം ജൂബിലി ആന്ത മത്സരം

അതിരൂപതാതല പ്ലാറ്റിനം ജൂബിലി ആന്തമത്സരം ആഗസ്റ്റ് 27 ന് നടത്തപ്പെടുന്നു.

### നിർദ്ദേശങ്ങൾ

- 7 പേരടങ്ങുന്ന ടീമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിൽ രണ്ട് ആൺകുട്ടികൾ എങ്കിലും നിർബന്ധമായും ടീമിൽ ഉണ്ടായിരിക്കണം.
- 5 മുതൽ 12 വരെ ക്ലാസ്സുകളിൽ വേദപാഠം പഠിക്കുന്ന മിഷൻലീഗ് അംഗങ്ങളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡും, ബാഡ്ജും നിർബന്ധമാണ്. എന്നാൽ ഡ്രസ്സ് കോഡിന് പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുന്നതല്ല.
- മേഖലയിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ആഗസ്റ്റ് 20 ന് മുമ്പ് മേഖലയിൽ നിന്നുള്ള ടീമിന്റെ ലിസ്റ്റ് അതിരൂപതയിൽ നല്കേണ്ടതാണ്.
- അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ജൂബിലി ആന്തമാണ് ആലപിക്കേണ്ടത്.
- അതിരൂപതാ മത്സരത്തിന്റെ സമയവും, സ്ഥലും പിന്നീട് അറിയിക്കുന്നതാണ്.

## 13. നിയമാലി ക്വിസ്സ് മത്സരം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മിഷൻലീഗ് ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനായി അതിരൂപതാ തലത്തിൽ ആഗസ്റ്റ് 15 ന് രാത്രി 8.30 ന് ഗൂഗിൾ ഫോമിൽ നിയമാവലി ക്വിസ്സ് മത്സരം നടത്തപ്പെടുന്നു. സ്നേഹമുള്ള എല്ലാ സിസ്റ്റേഴ്സും നന്നായി പഠിച്ച് ക്വിസ്സ് മത്സരത്തിൽ പങ്കെടുക്കുമല്ലോ. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## 14. എന്റെ മിഷൻലീഗ് കൈപുസ്തകം

മിഷൻലീഗ് സംഘടനയെ കൂടുതൽ അറിയാനും മനസ്സിലാക്കാനുമായി സംസ്ഥാന സമിതി ഒരുക്കിയിരിക്കുന്ന **'എന്റെ മിഷൻലീഗ്'**എന്ന കൈപുസ്തകം അതിരൂപതാ ഓഫീസിൽ ലഭ്യമാണ്. വില 50 രൂപ. ഈ വർഷത്തെ ടീം ക്വിസ്സിലും, മിഷൻ ക്വിസ്സിലും ഈ പുസ്തകത്തിൽ നിന്നുള്ള ചോദ്യ

ങ്ങൾ ഉണ്ടായിരിക്കും എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച് മിഷൻലീഗിൽ അംഗത്വം സ്വീകരിച്ച കുട്ടികൾക്ക് വാങ്ങിക്കൊടുക്കുവാൻ വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

### 15. ഛായാചിത്രപ്രയാണം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 17 ആരംഭിച്ച ഛായാചിത്രപ്രയാണം ജൂലൈ 24, 30, 31 എന്നീ തിയതികളിൽ അതിരൂപതയുടെ നേതൃത്വത്തിൽ 16 മേഖലകളിലും എത്തിച്ചു. ഛായാചിത്ര പ്രയാണത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയ ഫൊറോന വികാരിമാർ, മേഖലാ ഡയറക്ടേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദി. അതോടൊപ്പം അതിരൂപതയിൽ നിന്ന് മേഖലകൾക്ക് നൽകിയ ഛായാചിത്രം മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### 16. അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ

ജൂലൈ 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മറ്റിയിൽ 95 പേർപങ്കെടുത്തു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ ജോയിന്റ് സെക്രട്ടറി ഏലിക്കുട്ടി എടാട്ട് മാനേജിംഗ് കമ്മറ്റി റിപ്പോർട്ടും, സെക്രട്ടറി ശ്രീ. ജെയ്സൺ പുളിച്ചമാക്കൽ കണക്കും അവതരിപ്പിച്ചു. അതോടൊപ്പം ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു.

**അതിരൂപതാ ജൂനിയർ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ജിതിൻ മണ്ണംപ്ലാക്കൽ (കണ്ണൂർ) |
| വൈസ് പ്രസിഡന്റ് | : ആൻമരിയ കരോട്ടുപുള്ളോലിൽ (ബാലേശുഗിരി) |
| സെക്രട്ടറി | : ലിയോ മാത്യു ഈട്ടിക്കൽ (എടൂർ) |
| ജോ. സെക്രട്ടറി | : മരിയ വടക്കേമുറി (വെള്ളരിക്കുണ്ട്) |
| ഓർഗനൈസർ | : അഗസ്റ്റിൻ കൊടകശ്ശേരി (മാട്ടറ) |

ജൂനിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### 17. അതിരൂപതാതല അംഗത്വസ്വീകരണവും സെന്റ് തോമസ് ദിനാചരണവും

അതിരൂപതാതല അംഗത്വസ്വീകരണം; സെന്റ് തോമസ് ദിനാചരണം വായാട്ടുപറമ്പ് ശാഖയിൽവച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിലിന്റെ നേതൃത്വത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേക്ക്

ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും നടത്തി. അംഗത്വസ്വീകരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ബഹു. തോമസ് തെങ്ങുംപള്ളി അച്ചനും ശാഖാ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**18. അഭിനന്ദനങ്ങൾ:** ജൂലൈ 9-ാം തീയതി ഭരണങ്ങാനത്ത് വച്ച് നടന്ന സംസ്ഥാനതല ജൂബിലി മെഗാക്വിസ്സ് മത്സരത്തിൽ രണ്ടാംസ്ഥാനവും 3001 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും കരസ്ഥമാക്കിയ അഡോണ കന്നുതൊട്ടിയിൽ (വിളമന), മരിയ ചെറുചിലമ്പിൽ (ലിസിഗിരി), അനിത വടക്കൻ (ശ്രീകണ്ഠാപുരം) എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## 19. ശാഖാ സന്ദർശനങ്ങൾ

സെപ്റ്റംബർ ആദ്യ ആഴ്ചമുതൽ അതിരൂപതാ ഭാരവാഹികളുടെയും, ഓർഗനൈസിംഗ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ശാഖാ സന്ദർശനങ്ങൾ ആരംഭിക്കുന്നതായിരിക്കും. സ്നേഹമുള്ള വൈസ്ഡയറക്ടേഴ്സ് റിപ്പോർട്ടുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ. സന്ദർശനം നടത്തുന്ന മേഖലകൾ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

## 20. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ എയ്ഞ്ചൽമീറ്റ് 25.06.2022 ന് വായാട്ടുപറമ്പ് മേഖലയിൽ നടന്നു. അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് വടക്കേപ്പറമ്പിൽ അച്ചൻ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സി. എം. എൽ ബാഡ്ജ്, മാനുവൽ ബുക്ക്, പ്രാർത്ഥനാപുസ്തകം എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

## 21. ഹൃദ്യമായ സ്വാഗതം

കാസർഗോഡ് സോണിന്റെ പുതിയ ഡയറക്ടറായി സ്ഥാനം ഏറ്റെടുത്ത ബഹു. ലൂക്കോസ് മാടശ്ശേരി അച്ചനും, വൈസ് ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. നവ്യ എസ്.എ.ബി.എസ്നും, പനത്തടി മേഖലാ വൈസ്ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. ജോൺസി സി എം സിയ്ക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**22. ഹൃദയം നിറഞ്ഞ നന്ദി:** കർമനിരതമായ പ്രവർത്തനശൈലിയിലൂടെ പനത്തടി മേഖലയിൽ വൈസ് ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്തശേഷം സ്ഥലം മാറിപ്പോയ സി. സാനിയ എസ്.എ.ബി.എസിന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനകളും.

## 23. മേഖലാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

28.6.2022 ന് വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽവച്ച് മേഖലാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ്

മീറ്റിംഗ് നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ സെബാസ്റ്റ്യൻ പാലാക്കുഴി മുഖ്യപ്രഭാഷണം നടത്തി.

**24. ഡോക്ടേഴ്സ് ഡേ:** 01.07.2022 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽവച്ച് അതിരൂപതയുടെ നേതൃത്വത്തിൽ വായാട്ടുപറമ്പ് മേഖലയുടെ സാന്നിധ്യത്തിൽ അതിരൂപ താതല ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു.

**25. മേഖലാ വാർത്ത:** 03.07.2022 ഞായറാഴ്ച തളിപ്പറമ്പിൽ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.

**26. ലഹരിവിരുദ്ധ ദിനാചരണം:** 26.06.2022 ഞായറാഴ്ച അതിരൂപതാ തല ലഹരിവിരുദ്ധ ദിനാചരണം ആയന്നൂർ ശാഖയിൽ വച്ച് നടത്തി.

**27. കുടുംബദിനാചരണം**

വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളിനോടനുബ ന്ധിച്ച് 17.07.2022 ന് ഞായറാഴ്ച അങ്ങാടിക്കടവ് ശാഖയിൽവച്ച് അതിരൂപ താതല കുടുംബ ദിനാചരണം നടത്തി.

**28. സെമിനാറുകൾ, ക്യാമ്പുകൾ**

- 26.06.2022 ന് ആയന്നൂർ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 03.07.2022 ന് തളിപ്പറമ്പ് മേഖലാ മാനേജിംഗ്കമ്മറ്റിയിൽ സുനിൽ കല്ലി ടുക്കിൽ സാർ സെമിനാർ നടത്തി.
- 10.07.2022 ന് പനത്തടി മേഖലാ വൈസ്ഡയറക്ടേഴ്സ് ബിജു കൊച്ചു പൂവക്കോട്ട് സാർ ക്ലാസ്സ് എടുത്തു.
- 17.07.2022 ന് അങ്ങാടക്കടവ് ശാഖയിലെ മാതാപിതാക്കൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.

**29. ആദരാഞ്ജലികൾ**

ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട മുൻ ദേശീയ, സംസ്ഥാന, അതിരൂപത വൈസ്ഡയറക്ടർ ആയിരുന്ന സി. ഗ്രേസ്മേരി എസ്.എ.ബി.എസിന്റെ വത്സലപിതാവ് മത്തായി പനക്കാത്തോട്ടത്തിൽ, ആലക്കോട് മേഖലാ ജോ. സെക്രട്ടറി മിനി കാടാ ശ്ശേരി ടിച്ചറിന്റെ വത്സലമാതാവ് അന്നമ്മ കാടാശ്ശേരി, മിഷൻലീഗിന്റെ സജീവ പ്രവർത്തകയായിരിക്കെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട കുട്ടാപറമ്പ് ശാഖയിലെ നേഹ അറയ്ക്കൽ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും ആഘോഷിക്കുവാൻ നാം ഒരുങ്ങുമ്പോൾ പരിശുദ്ധ അമ്മയോട് ചേർന്ന് നിന്നുകൊണ്ട് കാരുണ്യത്തിന്റെ; സ്നേഹത്തിന്റെ പാതയിലൂടെ നമ്മുടെ മാതൃരാജ്യത്തിന്റെ ഉന്നമനത്തിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാ പൂർവ്വകമായ മംഗളങ്ങളും ആശംസകളും.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : എല്ലാ വൈദികർക്കുംവേണ്ടി |
| സുകൃതജപം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| വചനം | : കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആര് വസിക്കും. അങ്ങയുടെ വിശുദ്ധഗിരിയിൽ ആര് വാസമുറപ്പിക്കും. (സങ്കീ. 15:1) |
| പ്രവൃത്തി | : വി. ജോൺ മരിയ വിയാനിയെക്കുറിച്ച് മതാദ്ധ്യാപകരുടെ സഹായത്തോടെ മനസ്സിലാക്കുക. |
| മന:പാഠമാക്കുക | : വർക്ക്ബുക്കിലെ അദ്ധ്യായം 2 ലെ 5 വചനങ്ങൾ പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : പരിശുദ്ധ അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മാതാവിന്റെ പാട്ട് ഗാനാലാപന മത്സരം ശാഖകളിൽ നടത്തുക. |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 തിങ്കൾ | : പതിനഞ്ച് നോമ്പ് ആരംഭം |
| 4 വ്യാഴം | : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 13 ശനി | : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താരബാലൻമാരുടെ തിരുനാൾ |
| 15 ഞായർ | : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, |
| 29 തിങ്കൾ | : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ. |

## 2. വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 3. ഈശോയെപ്പോലെ വളരാം... വലുതാകാം

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ അപ്പച്ചനോടും അമ്മച്ചിയോടുമൊപ്പം എന്ന രണ്ടാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ എങ്ങനെയാണ് മാതാപിതാക്കൾക്ക് വിധേയമായി ജീവിച്ചത് എന്ന് നമുക്ക് പഠിക്കാം. ഈശോയെപ്പോലെ ഞാനും എന്റെ മാതാപിതാക്കളെ സ്നേഹിക്കും ബഹുമാനിക്കും എന്ന് തീരുമാനമെടുക്കാം.

## 4. നിറം കൊടുക്കാമോ?

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ അപ്പച്ചനോടും അമ്മച്ചിയോടുമൊപ്പം എന്ന രണ്ടാം പാഠത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

## 5. നിങ്ങൾക്കറിയാമോ?

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന പുസ്തകത്തിലെ രണ്ടാം അദ്ധ്യായത്തിൽ പേജ് 14 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

## 6. അതിരൂപതാതല അംഗത്വസ്വീകരണം

അതിരൂപതാതല തിരുബാലസഖ്യ അംഗത്വസ്വീകരണം അങ്ങാടിക്കടവ് ശാഖയിൽ വച്ച് 17.07.2022 ന് നടത്തി. ഈ വർഷം ഒന്നാം ക്ലാസ്സിലേക്ക് പ്രവേശിച്ച കുട്ടികളെ തിരുബാലസഖ്യം സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി. അംഗത്വസ്വീകരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ബഹുമാനപ്പെട്ട തോമസ് ആമക്കാട്ട് അച്ചനും ശാഖാ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 7. നിറംകൊടുക്കാമോ ജൂലൈ മാസത്തെ വിജയികൾ

| | | |
|---|---|---|
| I | എഡ്വിൻ ജിജോ ജോസഫ് | ചെടിക്കുളം |
| II | തെരേസ അറക്കപ്പറമ്പിൽ | നെല്ലിക്കുറ്റി |
| III | ഏയ്ഞ്ചൽ വാഴപ്പനാടിയിൽ | ദീപഗിരി |

**8. നിങ്ങൾക്കറിയാമോ ജൂലൈ മാസത്തെ വിജയികൾ**

I സെറാ റോസ് പൊന്നാരത്തിൽ - പെരിങ്ങാല
II ആൻഡ്രൂസ് അഞ്ചേരിയിൽ - മുത്താറിക്കുളം
III ജോസഫ് ചൂരപ്പുഴയിൽ - ചായ്യോത്ത്

**9. ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

സ്നേഹമുള്ള തിരുബാലസഖ്യം ആനിമേറ്റേഴ്സ് വർക്കുബുക്കിലെ നിങ്ങൾക്കറിയാമോ, നിറംകൊടുക്കാമോ എന്നീ വർക്കുകൾ അതതുമാസത്തിൽ ഗിരിദീപത്തിൽ നിർദ്ദേശിക്കുന്ന അദ്ധ്യായങ്ങൾ മാത്രം കുട്ടികളെക്കൊണ്ട് ചെയ്യിച്ച് എല്ലാ മാസവും 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയിൽനിന്നും ഏറ്റവും നല്ല 3 എണ്ണം മാത്രമാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. കൂടുതൽ അയക്കുന്നവ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന പേപ്പറിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

> "യുവജനങ്ങൾ മിശിഹായുടെ യുവമുഖമാണ്. അവരെ കൂടെയുള്ള സഭ വിരൂപമായിരിക്കും" (ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ)

പ്രിയപ്പെട്ട വൈദികരേ, മാതാപിതാക്കളേ, യുവജനങ്ങളേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര ദിനവും ഒന്ന് ചേരുന്ന പുണ്യദിനമായ ആഗസ്റ്റ് 15 ന് ഭാരതത്തെയും ലോകം മുഴുവനെയും അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ച് വി ബലിയിൽ പങ്കെടുത്ത് നമുക്ക് പ്രാർത്ഥിക്കാം.

## വിയാനി ദിനാഘോഷം

ഇടവകാ വൈദീകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം കൊണ്ടാടുകയാണല്ലോ. അതിരൂപതയിലെ അഭിവന്ദ്യ പിതാക്കൻമാർക്കും ജനറാളച്ചൻമാർക്കും എല്ലാവൈദീകർക്കും തിരുനാളിന്റെ സ്നേഹമംഗളങ്ങൾ ആശംസിക്കുന്നു. എല്ലാ യൂണിറ്റിലും ബഹു. വികാരിയച്ചൻമാരെ ആദരിക്കുവാനും കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കുവാനും യൂണിറ്റ് പ്രസിഡന്റുമാർ ശ്രദ്ധിക്കുമല്ലോ. ഫൊറോന വികാരിയച്ചനെയും ഡയറക്ടർ അച്ചനെയും ആദരിക്കുവാൻ ഫൊറോന പ്രസിഡന്റുമാർ ശ്രദ്ധിക്കുമല്ലോ.

## പ്രകൃതി പഠന സഹവാസ ക്യാമ്പ്

അതിരൂപതാ തല പ്രകൃതി പഠന സഹവാസ ക്യാമ്പ് ആഗസ്റ്റ് 6,7,8 തിയ്യതികളിലായി കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ കുന്നോത്ത് വച്ച് നടത്തപ്പെടുന്നു. ഭൂമിയെ സ്നേഹിക്കാനും സംരക്ഷിക്കാനും പഠിക്കാനും പ്രചോദനം നൽകുന്ന ക്യാമ്പിൽ ഒരു ഫൊറോനയിൽ നിന്നും നാല് പേര് വീതം പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## PSC Coching

സർക്കാർ ജോലി ആഗ്രഹിക്കുന്ന എല്ലാവർക്കുമായി തലശ്ശേരി അതിരൂപത കെസിവൈഎം ഓൺലൈനായി ആരംഭിച്ച PSC Coching-ന്റെ മൂന്നാം ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത, മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത് കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്

കോളേജിന്റെയും സഹായത്തോടെയുമാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045.

## കെയ്റോസ് - മലബാർ റീജിയണൽ ക്യമ്പ്

കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മലബാർ പ്രദേശത്തെ കോഴിക്കോട്, മാനന്തവാടി, കണ്ണൂർ, താമരശ്ശേരി, ബത്തേരി, തലശ്ശേരി എന്നീ രൂപതകളെ ചേർത്ത് മലബാർ റീജിയണൽ ക്യാമ്പ് കൊയ്നോസ് 2022 നടത്തപ്പെട്ടു. മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചാണ് നടത്തപ്പെട്ടത്. 100 ഓളം പേർ പങ്കെടുത്ത ക്യാമ്പിൽ തലശ്ശേരി അതിരൂപതയിൽ നിന്നും രൂപതാ ഡയറക്ടർ ജിൻസച്ചൻ, രൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് തുടങ്ങി പത്ത് പേർ ക്യാമ്പിൽ പങ്കെടുത്തു.

## Choson 2022 - അതിരൂപതാ യുവജന ദിനാഘോഷം - മേരിഗിരി

പ്രതിസന്ധികളെയും, പ്രതിബന്ധങ്ങളെയും തരണം ചെയ്തുകൊണ്ട് തിൻമയുടെ ശക്തികൾക്കെതിരെ നൻമയുടെ ഓളങ്ങൾ സൃഷ്ടിക്കുവാൻ യുവജനങ്ങൾക്ക് സാധ്യമാണ് എന്ന് തെളിയിച്ചുകൊണ്ട് ആയിരത്തിലധികം യുവജനങ്ങൾ ഒന്നുചേർന്നു 2022 ലെ യുവജനദിനം പ്രൗഢഗംഭീരമായി ആഘോഷിച്ചു. ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് മഹായുവജന റാലി പൊയിൽ ആശ്രമമുറ്റത്തുനിന്ന് ആരംഭിച്ച് തേർത്തല്ലി ടൗണിൽ അവസാനിച്ചു.

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതാ യുവജനദിന സംഗമം മേരിഗിരി ഫൊറോനയുടെ നേതൃത്വത്തിൽ തേർത്തല്ലി ഡ്രീംലാൻഡ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. കാസർഗോഡ് എം പി ശ്രി. രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. യുവജ്ജനങ്ങൾ ഭരണഘടനയുടെ കാവലാളാകണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ എം പി ഓർമ്മിപ്പിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണ വേളയിൽ യുവജനങ്ങൾ നന്മയുടെയും സത്യത്തിന്റെയും കൂടെ നിൽക്കണമെന്നും തിൻമയുടെ വഴിയിൽ ആർക്കും വിധേയപ്പെടരുത് എന്നും ഓർമ്മിപ്പിച്ചു. പ്രസിഡന്റ് ജോയൽ ജോസഫ് തൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ആമുഖ പ്രഭാഷണം നടത്തി. സജീവ് ജോസഫ് എം എൽ എ മുഖ്യപ്രഭാഷണം നടത്തി. ഹൃദയം സിനിമ ഫെയിം ജോജോ ജോസഫ് സിനിമാ താരങ്ങളായ സിനി എബ്രാഹം അൻജലീന എന്നിവർ മുഖ്യാഥികളായിരുന്നു. ഫൊറോന വികാരി ഫാ. അബ്രാഹം മഠത്തിമ്യാലിൽ, ആലക്കോട് പഞ്ചായത്ത് പ്രസിഡന്റ് ജോജി കന്നിക്കാട്ട്, ഫൊറോന ഡയറക്ടർ ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ഷിജോ നിലക്കപ്പള്ളി, ജിബിൻ ജൂണോ, രൂപതാ ജനറൽ സെക്രട്ടറി അഖിൽ ചാലിൽ പുത്തൻപുരയിൽ, അതിരൂപതാ വൈസ്പ്രസിഡന്റ് സരിക ചാക്കോ എന്നിവർ പ്രസംഗിച്ചു.

അതിരൂപതാ യുവജനദിനം ഏറ്റെടുത്ത് നടത്തിയ മേരിഗിരി ഫൊറോനക്കും, ഫൊറോന ഡയറക്ടർ ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, പ്രസി

ഡന്റ് ജിബിൻ ജൂണോയ്ക്കും, ആനിമേറ്റർ സി. ഹെലൻ എഫ്സിസി, അൽമായ ആനിമേറ്റർ സജീഷ് തേക്കുംതോട്ടം, ഫൊറോനയിലെ മറ്റ് സമിതി അംഗങ്ങൾക്കും, യൂണിറ്റ് പ്രസിഡന്റ്, യൂണിറ്റ് സമിതി അംഗങ്ങൾ, സഹായ സഹകരണങ്ങളുമായി ഒപ്പമായിരുന്ന എല്ലാ യുവജന സുഹൃത്തുക്കൾക്കും, കൈക്കാരൻമാർ, കമ്മറ്റിക്കാർ തുടങ്ങിയ എല്ലാവർക്കും അതിരൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

## വി. തോമസ് മൂർ ദിനാചരണം

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാളാഘോഷവും, ഫൊറോനയുടെ യുവജനദിനാഘോഷവും കുന്നോത്ത് ഫൊറോനയുടെ ആഭിമുഖ്യത്തിൽ അങ്ങാടിക്കടവ് തിരുഹൃദയ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് തൊട്ടിയിൽ അദ്ധ്യക്ഷനായിരുന്ന പരിപാടി അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അങ്ങാടിക്കടവ് ഇടവക വികാരി ഫാ. തോമസ് ആമക്കാട്ട് അനുഗ്രഹ പ്രഭാഷണവും, ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പന്തലാനിക്കൽ, ഫൊറോന ആനിമേറ്റർ സി. തേജസ് സിഎംസി, ഫാ. ആദർശ് നടുവിലെത്തട്ട്, അതിരൂപതാ ട്രഷറർ ടോമിൻ തോമസ് പോൾ, എന്നിവർ ആശംസകളറിയിച്ചു. ഫൊറോന പ്രസിഡന്റ് ആൻഡേഴ്സൺ സ്വാഗതവും, അങ്ങാടിക്കടവ് യൂണിറ്റ് സെക്രട്ടറി ജോമി മണപ്പാട്ട് നന്ദിയർപ്പിച്ച് സംസാരിച്ചു. വി. തോമസ് മൂർ ദിനാചരണം മനോഹരമാക്കിയ കുന്നോത്ത് ഫൊറോനക്കും, അങ്ങാടിക്കടവ് യൂണിറ്റിനും അതിരൂപതയുടെ നന്ദി.

കെസിവൈഎം, എസ്എംവൈഎം **ചെറുപുഴ** ഫൊറോനയുടെ ആഭിമുഖ്യത്തിൽ വി. തോമസ് മൂർ അനുസ്മരണം ഉമ്മർപ്പൊയിൽ സെന്റ് ജൂഡ് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. 7.30 ന് ആരംഭിച്ച വി. കുർബാനക്ക് റവ. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ നേതൃത്വം നൽകി. മേഖല പ്രസിഡന്റ് നിഥിൻ ഐയിന്തിക്കൽ പതാക ഉയർത്തി. തുടർന്ന് നടന്ന മീറ്റിംങ്ങ് ഉമ്മർപ്പോയിൽ ഇടവക വികാരി റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. പത്താം ക്ലാസ്സ്, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

കെസിവൈഎം, എസ്എംവൈഎം **കാഞ്ഞങ്ങാട്** ഫൊറോനയുടെ വി. തോമസ് മൂർ അനുസ്മരണദിനം നെല്ലിയടുക്കം സെന്റ് മേരീസ് ദേവാലയത്തിൽ നടന്നു.

## അഗ്നിപഥ് സൈനീക റിക്രൂട്ട്മെന്റ്

കേന്ദ്ര സർക്കാർ ആരംഭിച്ചിരിക്കുന്ന അഗ്നിപഥ് സൈനികപദ്ധതികളെ കുറിച്ച് നിർദ്ദേശങ്ങൾ നൽകി. അതിരൂപതാ കെസിവൈഎം സാധിക്കുന്ന എല്ലാ യുവജനങ്ങളും പങ്കെടുക്കണമെന്ന് അറിയിപ്പ് നൽകി.

**കുടിൽ കെട്ടി പ്രതിഷേധം:** പിറന്ന മണ്ണിനുവേണ്ടി സമാധാനമുള്ള ജീവിതത്തിനുവേണ്ടി പേരാവൂർ ഫൊറോനയിലെ യുവജനങ്ങൾ ബഫർസോൺ

പ്രഖ്യാപനത്തിനെതിരെ കണിച്ചാർ ടൗണിൽ കുടിൽ കെട്ടി പ്രതിഷേധിച്ചു യുവജനങ്ങൾ. പേരാവൂർ എംഎൽഎ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് അഖിൽ, രൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, മുൻ അതിരൂപതാ പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ, പേരാവൂർ ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട്, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം കൊടുത്തു

**കർഷക രോഷാഗ്നി:** ബഫർസോൺ പ്രഖ്യാപനത്തിനെതിരെ ചെറുപുഴ, തോമാപുരം ഫൊറോനകളുടെ നേതൃത്വത്തിൽ ചെറുപുഴ കൃഷിഭവനു മുൻപിൽ കർഷക രോഷാഗ്നി സംഘടിപ്പിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ചെറുപുഴ, തോമാപുരം ഫൊറോനകളിലെ പ്രസിഡന്റുമാർ, ഡയറക്ടേഴ്സ്, ഫൊറോന ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## BLOOMS - എടൂർ

എടൂർ ഫൊറോന തല BLOOMS ഉദ്ഘാടനം ജൂലൈ 10 ന് എടൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. മോൺസിഞ്ഞോർ സിബി പാലാക്കുഴി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കേമുറി, അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ്, ഫൊറോന പ്രസിഡന്റ് റോണിറ്റ് ജോസഫ്, ഫൊറോന ഡയറക്ടർ ഫാ. വിപിൻ ഇലഞ്ഞിപറമ്പിൽ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റ് അനൂപ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു. വിവിധ ഇടവകയിൽ നിന്നും അഞ്ഞൂറോളം യുവജനങ്ങൾ പങ്കെടുത്തു.

## BLOOMS - വായാട്ടുപറമ്പ്

വായാട്ടുപറമ്പ് ഫൊറോന തല BLOOMS ഉദ്ഘാടനം വായാട്ടുപറമ്പ് യൂണിറ്റിൽ വച്ച് ഫൊറോന വികാരി റവ. ഫാ. തോമസ് തെങ്ങുംപള്ളി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഫൊറോന പ്രസിഡന്റ് നിഥിൻ, ഫൊറോന ഡയറക്ടർ ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ, അതിരൂപതാ വൈസ്പ്രസിഡന്റ് സരിക ചാക്കോ, യൂണിറ്റ് പ്രസിഡന്റ് ജറാൾഡ് ജേക്കബ്, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം കൊടുത്തു. വിവിധ യൂണിറ്റുകളിൽ നിന്നുമായി 200 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**കൂടെ:** കാഞ്ഞങ്ങാട് ഫൊറോനയുടെ അഗതിദിനാചരണം **കൂടെ** എന്ന പേരിൽ അഗതിദിനാചരണം അമ്പലത്തറ സ്നേഹാലയത്തിൽ വച്ച് നടന്നു. വി. കുർബാനയോടെ ആരംഭിച്ച ശേഷം കലാവിരുന്നും, സ്നേഹവിരുന്നും ഉൾചേർത്ത് സ്നേഹഭവനിൽ സന്തോഷത്തിന്റെ ദിനമാക്കി തീർത്തു.

## ലഹരി വിരുദ്ധ ദിനം

കാഞ്ഞങ്ങാട് ഫൊറോനയുടെ ലഹരി വിരുദ്ധ ദിനം പെരിയ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്നു. പെരിയ യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്താപ്പള്ളി ഉദ്ഘാടനം ചെയ്തു. എക്സൈസ് ഉദ്യോഗ

സ്ഥൻ ജോസഫ് ലഹരി വിരുദ്ധ ദിനത്തിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. കാഞ്ഞങ്ങാട് ഫൊറോനയിലെ യുവജനങ്ങളും സെൻട്രൽ യൂണിവേഴ്സിറ്റി, സി-മെറ്റ് നഴ്സിംഗ് കേളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെ യുവജന സുഹൃത്തുക്കളും പങ്കെടുത്തു.

## സ്വാഗതവും നന്ദിയും

ആലക്കോട് ഫൊറോന പുതുയ ഡയറക്ടറായി നിയമിതനായിരിക്കുന്ന നിഥിൻ പുഞ്ചത്തറപ്പേൽ അച്ചനും ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടർ ഫ്രാങ്കോ ചാലിലച്ചനും കെസിവൈഎം അതിരൂപതാ യുവജന കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും എല്ലാവിധ നന്മകളും ആശംസിക്കുന്നു. നാല് വർഷക്കാലം ആലക്കോട് ഫൊറോനയിലെ യുവജനങ്ങളെ നയിച്ച പ്രോൽസഹനവും, പ്രചോദനവുമായി കൂടെയുണ്ടായിരുന്ന ഡയറക്ടർ ചെമ്പനാനിക്കൽ റിമൽ അച്ചനും ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടറായിരുന്ന പോൾ ഇടത്തിനകത്തച്ചനും അതിരൂപതാ യുവജന കുടുംബത്തിന്റെ നന്ദിയും സ്നേഹവും. പുതിയ ശുശ്രൂഷാ രംഗത്ത് എല്ലാ വിജയാശംസകളും നേരുന്നു.

## റേഷനും ക്ഷേമപെൻഷനും നിർത്തലാക്കിയത് സർക്കാർ അഗതികളോട് കാണിക്കുന്ന വഞ്ചന

സംസ്ഥാനത്തെ അഭയകേന്ദ്രങ്ങൾക്കും ബാലഭവനുകൾക്കും പൊതുവിതരണ വകുപ്പ് സൗജന്യ നിരക്കിൽ നൽകിയിരുന്ന അരിയുടെയും ഗോതമ്പിന്റെയും വിതരണം നിർത്തലാക്കാനുള്ള സർക്കാരിന്റെ നീക്കത്തിൽ പ്രതിഷേധിച്ച് കെസിവൈഎം എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ യുവജന പ്രതിഷേധ റാലി സംഘടിപ്പിച്ചു.

## എക്സ്പ്ലോറ 2k21

2022-2023 പ്രവർത്തനവർഷത്തെക്കുള്ള കെസിവൈഎം, എസ്എംവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനുമായി എക്സ്പ്ലോറ 2k22 ആഗസ്റ്റ് 27,28, തിയതികളിലായി കാഞ്ഞങ്ങാട് ഫൊറോനയിൽ പടന്നക്കാട് പാസ്റ്ററൽ സെന്റ്റിൽ വച്ച് നടത്തപ്പെടുന്നു. 16 ഫൊറോനകളിൽ നിന്നുള്ള എല്ലാ ഫൊറോന ഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്കമാത്രമെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. ഇടവക വികാരിയുടെയും ഫൊറോന ഡയറക്ടറുടെയും ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

900 എം.പി.സി കോഴ്സ് പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പള്ളിയിൽ വച്ച് ജൂൺ 30-ന് മുതൽ ജൂലൈ 2 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി. കോഴ്സിൽ 102 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 2. MPC Classes

2022 ജൂൺ മാസം മുതൽ ഓഫ്ലൈനായി എം.പി.സി കോഴ്സുകൾ ക്രമീകരിച്ചിരിക്കുകയാണ്. മൂന്നുദിവസത്തെ താമസിച്ചുള്ള കോഴ്സുകൾ പടന്നക്കാട്, തലശ്ശേരി സെന്ററുകളിൽ വച്ചു നടത്തുന്നതാണ്. കോഴ്സ് ഡേറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റിൽ (www.familytly.com) അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും കോഴ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| MPC 2022 | | |
|---|---|---|
| August | 18 - 20 | (Thursday, Saturday) Thalassery |
| September | 22 - 24 | (Thursday, Saturday) Padannakkad |
| November | 03 - 05 | (Thursday, Saturday) Thalassery |

### Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് 1250 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt അപേക്ഷാഫോമിനൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
- രജിസ്ട്രേഷൻ ഫീസ് Rs:650/- അടക്കാനുള്ള Bank Details
  A/c No : 0078053000073775,
  Name : Director, Family Apostolate,
  IFSC Code : SIBL0000078,
  South Indian Bank, Thalassery Branch

- രജിസ്ട്രേഷൻ നടത്തിയവർ ക്യാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 8078122191, 9400206974.
- ഇടവകാ ഗ്രൂപ്പുകളിൽ എം.പി.സി. രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

3. **Prolife Marriage Bureau**

   മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

   Web site: www.prolifemarry.com Contact No : 6235445544.

## II. മാതൃവേദി

1. **തൂവാനീസ നിയോഗം** - ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് എല്ലാ ഇടവകാ വൈദികർക്കും സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം - വിയാനി ഡേയിൽ ഇടവകാ വൈദികരെ ആദരിക്കുക.
3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല** - ചെമ്പേരി മേഖല
4. **മാതൃവേദി പ്രവർത്തന പദ്ധതി - ആഗസ്റ്റ് 2022**

| | | |
|---|---|---|
| 1 | - | 15 നോമ്പാരംഭം<br>വി. അൽഫോൻസ് ലിഗോരി |
| 4 | - | വി. ജോൺ മരിയ വിയാനി - ഇടവക വികാരിമാരെ ആദരിക്കൽ |
| 6 | - | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| **10-12** | **-** | **സഖറിയാസ് കൺവെൻഷൻ - ചെറുപുഴ മേഖല** |
| 11 | - | വി. ക്ലാര |
| 14 | - | വി. മാക്സ്മില്യൻ കോൾബെ |
| 15 | - | **പരി. ക. മറിയത്തിന്റെ സ്വർഗ്ഗാരോപണം അതിരൂപതാതല ആചരണം (വായാട്ടുപറമ്പ് മേഖല)**<br>ഇന്ത്യൻ സ്വാതന്ത്ര്യദിനം |

| | | |
|---|---|---|
| 16 | - | **കവിതാ ആലാപന മത്സരം (യുട്യൂബ്)** |
| **16-18** | - | **സഖറിയാസ് കൺവെൻഷൻ - കുന്നോത്ത് മേഖല** |
| **18-20** | - | **എം.പി.സി.** |
| 22 | - | **അതിരൂപതാ എക്സിക്യൂട്ടീവ്** |
| 27 | - | **വി. മോനിക്ക തിരുനാൾ - അതിരൂപതാതല ആചരണം (പേരാവൂർ മേഖല)** |
| 28 | - | വി. അഗസ്റ്റിൻ **സ്പിരിച്വൽ ഗാതറിംഗ് - ഓൺലൈൻ 8.30pm - 9.30pm** |
| 29 | - | വി. ഏവുപ്രാസ്യ |
| 30 | - | ജീവോത്സവം സ്കോളർഷിപ്പ് അപേക്ഷകൾക്കുള്ള അവസാന തീയതി |

## 5. ആത്മീയ സംഗമം

അതിരൂപതയിലെ അമ്മമാർക്കായി ജൂൺ 24-ാം തീയതി രാത്രി 8.30 മുതൽ 9.30 വരെ ഓൺലൈനായി ആത്മീയ സംഗമം നടന്നു. അതിരൂപതാ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്. സ്വാഗതം ചെയ്ത സംഗമത്തിൽ മുൻ ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. സന്ദേശം നൽകി സംസാരിച്ചു. ശേഷം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി. തുടർന്ന് സി. സെലിൻ അഗസ്റ്റിൻ എസ്.എച്ച്. ആത്മാഭിഷേക ആരാധന നടത്തി. സംഗമത്തിൽ രൂപതയിലെ അമ്മമാരും സിസ്റ്റേഴ്സുമായി 375 ഓളം പേർ പങ്കെടുത്തു.

## 6. അതിരൂപതാ എക്സിക്യൂട്ടീവ്

ജൂൺ 7-ാം തീയതി വൈകിട്ട് 4.30 മുതൽ 5.30 വരെ അതിരൂപതാ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെ നേതൃത്വത്തിൽ നടന്നു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റേഴ്സ്, പ്രസിഡണ്ടുമാർ എന്നിവരുമായി 30 ഓളം പേർ പങ്കെടുത്തു.

## 7. മാഗ്നിഫിക്കാത്ത്

അന്തർദേശീയ സീറോമലബാർ മാതൃവേദിയുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾക്കായി നടത്തിയ മാഗ്നിഫിക്കാത്ത് - മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും 362 അമ്മമാർ പങ്കെടുത്തു. അന്തർദേശീയ മാതൃവേദിയുടെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് പങ്കെടുത്തവയിൽ നിന്നു 16 മേഖലകളിൽ നിന്നുമായി 28 എണ്ണം രൂപതയിലേക്ക് കിട്ടുകയും അതിൽ നിന്നും മികച്ച 2 എണ്ണം ഇന്റർനാഷണൽ മാതൃവേദിയിലേക്ക് അയക്കുകയും ചെയ്തു. അതിൽ നിന്നും 2 പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തു.

**വിജയികൾ**

1) ലീന ആന്റണി കൂറ്റനാൽ - ചെടിക്കുളം

2) മിനി സാജു കാട്ടൂർ - ആനപ്പന്തി

സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങളും മത്സരത്തിൽ പങ്കെടുത്ത ഏവർക്കും ഹൃദ്യമായ നന്ദിയും രേഖപ്പെടുത്തുന്നു.

## 8. പോസ്റ്റർ രചന മത്സരം

മാതൃവേദി അംഗങ്ങൾക്കായി നടത്തിയ പോസ്റ്റർ രചന മത്സരത്തിൽ ജൂലൈ നാലാം തീയ്യതി 16 മേഖലകളിൽ നിന്നുമായി 122 ഓളം രചനകൾ രൂപതയിൽ ലഭിച്ചു. 'എന്റെ സഭ എന്റെ അമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ വരച്ച് മത്സരത്തിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ അമ്മമാർക്കും നന്ദി.

## 9. സഖറിയാസ് കൺവെൻഷൻ

ജൂലൈ 18 മുതൽ 20 വരെ നെല്ലിക്കാംപൊയിൽ ഫൊറോനയിൽ നടത്തപ്പെട്ട കൺവെൻഷൻ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവർ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സന്തോഷ് ടി, ജോയ്സ് കുരുവിത്താനം എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അംഗങ്ങളുടെ രജിസ്ട്രേഷനും കൺവെൻഷൻ വിജയത്തിനുമായി സഹകരിച്ച മാതൃവേദി മേഖല, യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രത്യേകം നന്ദി.

ജൂലൈ 21 മുതൽ 23 വരെ എടൂർ ഫൊറോനയിൽ വച്ച് നടന്ന സഖറിയാസ് കൺവെൻഷൻ മാർ ജോർജ് വലിയമറ്റം പിതാവ് ഉദ്ഘാടനം ചെയ്തു. കൺവെൻഷൻ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ച എടൂർ ഫൊറോനാ മാതൃവേദിക്ക് പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

## 10. അന്തർദേശീയ സീറോമലബാർ മാതൃവേദി മീറ്റിംഗ്

ജൂൺ 18, 19 തീയതികളിലായി സീറോമലബാർ മാതൃവേദിയുടെ അന്തർദേശീയ മീറ്റിംഗ് തൃശ്ശൂർ സ്പിരിചൽ ആനമേഷൻ സെന്ററിൽ വച്ച് നടന്നു. തലശ്ശേരി രൂപതയിൽ നിന്നും ഡയറക്ടർ, ആനിമേറ്റർ, രൂപതാ ഭാരവാഹികൾ എന്നിവർ മീറ്റിംഗിൽ പങ്കുകൊണ്ടു.

## 11. മാതൃവേദി കലണ്ടർ

വരുന്ന വർഷത്തെ മാതൃവേദി കലണ്ടറിനുള്ള ഓർഡറുകൾ എല്ലാ യൂണിറ്റുകളിലും അന്വേഷിച്ച് മേഖല പ്രസിഡണ്ടുമാർ എത്രയെണ്ണം ആവശ്യമെന്ന് ആഗസ്റ്റ് 15 നുള്ളിൽ രൂപതാ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. 25 രൂപയ്ക്ക് മേഖലകളിൽ നിന്ന് യൂണിറ്റുകൾക്ക് നൽകാവുന്നതാണ്. യൂണി

റ്റുകൾ സംഭാവനകൾ സ്വീകരിച്ച് കലണ്ടറുകൾ വിതരണം ചെയ്യുന്നതാണ് ഉചിതം. ഏറ്റവും കൂടുതൽ കലണ്ടർ വാങ്ങിക്കുന്ന യൂണിറ്റിന് പ്രത്യേക പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

## 12. കവിതാപാരായണ മത്സരം – ഓൺലൈൻ

- മാതൃവേദി അംഗങ്ങളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- സ്വന്തമായി രചിച്ച് ട്യൂൺ ചെയ്ത് കവിത ആലപിച്ച് വീഡിയോ ടെലഗ്രാമിൽ അയച്ചുതരേണ്ടതാണ്.
- **കവിതയുടെ വിഷയം : മാതൃത്വം മഹനീയം**

**നിബന്ധനകൾ :**

- കവിത എഴുതുന്നതും ട്യൂൺ ചെയ്യുന്നതും നൂതനമായിരിക്കണം. എന്നാൽ പാടുന്നയാൾ തന്നെ രചിക്കണമെന്ന് നിർബന്ധമില്ല.
- കവിത കാണാതെ പഠിച്ച് പാടണം.
- നാല് മിനിറ്റിൽ കവിയാതെ കവിത ആലപിക്കണം.
- മൈക്ക് ഉപയോഗിക്കുന്നതിന് തടസ്സമില്ല, ശബ്ദം വ്യക്തമായിരിക്കണം.
- വീഡിയോ, സൗണ്ട് എഡിറ്റിംഗ് പാടില്ല.
- കവിത ആലപിക്കുന്ന ആളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, അംഗത്വകാർഡ് നമ്പർ എന്നിവ വീഡിയോയുടെ അടിയിൽ (ടെലഗ്രാമിൽ) ടൈപ്പ് ചെയ്ത് അയക്കുക.

**മേഖലകൾ ശ്രദ്ധിക്കേണ്ടത്**

- മേഖലകളിൽ നിന്ന് ലഭിക്കുന്ന ഏറ്റവും നല്ല മൂന്ന് കവിതകൾ സെലക്റ്റ് ചെയ്ത് രൂപതയിലേക്ക് അയച്ചുതരേണ്ടതാണ്.
- മേഖലാതലത്തിൽ അയച്ചുതരേണ്ട ടെലഗ്രാം നമ്പറും തീയതികളും യൂണിറ്റുകളെ അറിയിക്കേണ്ടതാണ്.
- തെരഞ്ഞെടുത്ത മൂന്ന് വീഡിയോകൾ രജിസ്ട്രേഷൻ വിവരങ്ങളോടെ അയച്ചുതരേണ്ട തീയതി : **ആഗസ്റ്റ് 16**
  സമയം : **10.00 am – 04.00 pm**, ടെലഗ്രാം **നമ്പർ : 9400206974**
- തെരഞ്ഞെടുത്ത കവിതകളുടെ രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തി മേഖല ഡയറക്ടർ അല്ലെങ്കിൽ മേഖല ആനിമേറ്റർ സാക്ഷ്യപ്പെടുത്തി **9400206974** എന്ന നമ്പറിലേക്ക് വാട്ട്സ് ആപ്പ് ചെയ്യുക.

## 13. മാതൃസംഗമങ്ങൾ

ജൂൺ 24ന് മേരിഗിരി യൂണിറ്റിലും ജൂൺ 25 കോലുവള്ളി യൂണിറ്റിലും ജൂൺ 26ന് തയ്യേനി യൂണിറ്റിലും അമ്മമാർക്കായി മാതൃസംഗമങ്ങൾ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സംഗമങ്ങൾ ഉദ്ഘാടനം ചെയ്ത് ക്ലാസ് എടുത്തു.

### 14. അറിയിപ്പുകൾ

- ആഗസ്റ്റ് 4 ന് ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം എല്ലാ യൂണിറ്റുകളും അതാത് ഇടവകകളിലെ വികാരിയച്ചന്മാരെ ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുക. അതോടൊപ്പം ഫൊറോനയിലെ എല്ലാ വൈദികർക്കും മാതൃവേദിയുടെ ആശംസകാർഡുകൾ അയക്കുവാൻ ശ്രദ്ധിക്കുക.
- ഓഗസ്റ്റ് 28 ന് നടത്തുന്ന ഓൺലൈൻ സ്പിരിചൽ സംഗമത്തിൽ എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി അമ്മമാരെ പങ്കെടുപ്പിക്കുക. പങ്കെടുക്കുന്നവരുടെ പേര്, വിവരങ്ങൾ ശേഖരിച്ച് മേഖലയിൽ അറിയിക്കേണ്ടതാണ്.
- ജീവോത്സവം സ്കോളർഷിപ്പിന് അപേക്ഷകൾ നൽകേണ്ട തീയതി ഓഗസ്റ്റ് 30 വരെ നീട്ടിയിരിക്കുന്നു. അപേക്ഷാഫോം വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നതാണ്.
- മാതൃസ്പർശം പഠനസഹായത്തിനായി ഓരോ യൂണിറ്റുകളും തെരഞ്ഞെടുത്ത ആളുടെ പേര് വിവരങ്ങൾ മേഖലയിൽ അറിയിക്കുക. മേഖലാസമിതി ഈ വിവരങ്ങൾ ശേഖരിച്ച് രൂപതാ ഓഫീസിൽ എത്തിക്കുക. രൂപതയിൽ നിന്നുള്ള ഫണ്ട് മേഖലയിൽ ഏൽപ്പിക്കുന്നതാണ്. ഈ പദ്ധതിയിൽ പങ്കുചേരുന്ന ഇടവകകൾക്ക് രൂപതയിൽ നിന്നും ലഭിക്കുന്ന തുക പങ്കുവെച്ചു നൽകാൻ മേഖലകൾ ശ്രദ്ധിക്കുക.
- സഖറിയാസ് കൺവെൻഷൻ എല്ലാ മേഖലകളിലും നടത്തപ്പെടുമ്പോൾ മാതൃവേദി അംഗങ്ങൾ സജീവമായ സഹായവും സഹകരണവും നൽകുക. ഓരോ യൂണിറ്റിലുമുള്ളവർ ഇടവകയിലുള്ള വയോജനങ്ങളെ സന്ദർശിച്ച് പേരുകൾ രജിസ്റ്റർ ചെയ്യുകയും കൺവെൻഷൻ ദിവസങ്ങളിൽ വൊളണ്ടിയേഴ്സായി പ്രവർത്തിക്കാൻ കുറഞ്ഞത് ഒരു ദിവസം മുപ്പത് പേരെങ്കിലും തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്.

### 15. സ്വാഗതം

ഫാമിലി അപ്പൊസ്റ്റലേറ്റ് പുതിയ മേഖലാ ആനിമേറ്റേഴ്സായി ചാർജ്ജെടുത്തിരിക്കുന്ന സി. റോസിലി എസ്.എച്ച് (ആലക്കോട്), സി. ലിറ്റിൽ റോസ് എസ്.എ.ബി.എസ് (പനത്തടി), സി. ലിസ്ബിൻ എസ്.എച്ച് (പേരാവൂർ), സി. ദീപ എഫ്.സി.സി (തളിപ്പറമ്പ്), സി. ഡൈനീഷ് എം.എസ്.എം.ഐ (വെള്ളരിക്കുണ്ട്) എന്നീ സിസ്റ്റർമാർക്ക് ഹൃദ്യമായ സ്വാഗതവും നല്ല പ്രവർത്തനവർഷവും ആശംസിക്കുന്നു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത വിജയം നേടിയ എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഒന്നോ രണ്ടോ കുട്ടികളുടെ പരാജയം മൂലം നൂറുശതമാനം വിജയം ലഭിക്കാത്ത സ്കൂളുകളെയും നൂറുശതമാനം വിജയം ലഭിച്ച സ്കൂളുകളെയും ഇതിനായി അധ്വാനിച്ച രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപക അനധ്യാപകർ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## എസ്.എസ്.എൽ.സി വിജയികൾ

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയികൾ | Full A+ | 9 A+ | % |
|---|---|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 112 | 112 | 10 | 6 | 100 |
| ചന്ദനക്കാംപാറ എച്ച്.എസ് | 64 | 64 | 14 | 8 | 100 |
| ചെമ്പന്തൊട്ടി എച്ച്.എസ് | 120 | 120 | 23 | 6 | 100 |
| ചെമ്പേരി എച്ച്.എസ് | 169 | 169 | 37 | 12 | 100 |
| ചെറുപുഴ എച്ച്.എസ് | 302 | 302 | 48 | 35 | 100 |
| എടൂർ എച്ച്.എസ് | 216 | 213 | 28 | 12 | 98.61 |
| കടുമേനി എച്ച്.എസ് | 169 | 169 | 6 | 3 | 100 |
| കരിക്കോട്ടക്കരി എച്ച്.എസ് | 110 | 110 | 11 | 8 | 100 |
| കിളിയന്തറ എച്ച്.എസ് | 90 | 90 | 4 | 6 | 100 |
| കൊളക്കാട് എച്ച്.എസ് | 97 | 97 | 10 | 6 | 100 |
| കുടിയാൻമല എച്ച്.എസ് | 105 | 105 | 21 | 5 | 100 |
| കുന്നോത്ത് എച്ച്.എസ് | 145 | 144 | 21 | 10 | 99.31 |
| മണിക്കടവ് എച്ച്.എസ് | 211 | 210 | 30 | 9 | 99.53 |
| മേരിഗിരി എച്ച്.എസ് | 96 | 96 | 19 | 4 | 100 |
| നെല്ലിക്കുറ്റി എച്ച്.എസ് | 66 | 66 | 15 | 13 | 100 |
| പൈസക്കരി എച്ച്.എസ് | 110 | 110 | 6 | 2 | 100 |
| പാലാവയൽ എച്ച്.എസ് | 107 | 107 | 22 | 7 | 100 |
| പേരാവൂർ എച്ച്.എസ് | 319 | 319 | 48 | 14 | 100 |
| പെരുമ്പടവ് എച്ച്.എസ് | 110 | 110 | 10 | 6 | 100 |
| പുലിക്കുരുമ്പ എച്ച്.എസ് | 55 | 55 | 5 | 4 | 100 |
| തോമാപുരം എച്ച്.എസ് | 146 | 146 | 17 | 9 | 100 |
| വായാട്ടുപറമ്പ എച്ച്.എസ് | 234 | 234 | 27 | 17 | 100 |
| വെളിമാനം എച്ച്.എസ് | 189 | 188 | 14 | 2 | 99.47 |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 189 | 189 | 31 | 8 | 100 |
| **ആകെ** | **3531** | **3525** | **477** | **212** | |

## പ്ലസ്ടു റിസൾട്ട്

| | സയൻസ് എഴുതിയവർ ,വിജയിച്ചവർ, % | | | കൊമേഴ്സ് എഴുതിയവർ ,വിജയിച്ചവർ, % | | | ഹ്യുമാനിറ്റീസ് എഴുതിയവർ ,വിജയിച്ചവർ, % | | |
|---|---|---|---|---|---|---|---|---|---|
| അങ്ങാടിക്കടവ് | 57 | 56 | 98.2 | 56 | 49 | 87.5 | 54 | 47 | 87.04 |
| ചെമ്പേരി | 120 | 117 | 97.50 | 58 | 55 | 94.82 | 56 | 41 | 73.21 |
| കൊളക്കാട് | 117 | 112 | 96 | Nil | Nil | Nil | 55 | 42 | 76 |
| തോമാപുരം | 169 | 187 | 93 | 55 | 51 | 93 | 46 | 29 | 63 |
| വെളിമാനം | 59 | 56 | 94.90 | 55 | 54 | 98.18 | 55 | 43 | 78.18 |
| വെള്ളരിക്കുണ്ട് | 119 | 111 | 93.28 | Nil | Nil | Nil | 52 | 42 | 80.77 |
| മേരിഗിരി | 59 | 59 | 100 | 59 | 48 | 82 | Nil | Nil | Nil |
| പേരാവൂർ | 59 | 59 | 100 | 59 | 54 | 91.52 | Nil | Nil | Nil |
| മണിക്കടവ് | 61 | 60 | 98.36 | 60 | 55 | 91.67 | Nil | Nil | Nil |
| കുന്നോത്ത് | 53 | 50 | 94.34 | 60 | 57 | 95 | Nil | Nil | Nil |

| കിളിയന്തറ | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | % |
|---|---|---|---|
| ബയോളജി സയൻസ് | 60 | 56 | 93 |
| കമ്പ്യൂട്ടർ സയൻസ് | 46 | 35 | 76 |
| കൊമേഴ്സ് (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) | 60 | 54 | 90 |
| **പെരുമ്പടവ്** | | | |
| ബയോളജി സയൻസ് | 60 | 58 | 97 |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 55 | 49 | 90 |
| **എടൂർ** | | | |
| സയൻസ് | 166 | 165 | 99.40 |
| കമ്പ്യൂട്ടർ സയൻസ് | 50 | 50 | 100 |
| കമ്പ്യൂട്ടർ കൊമേഴ്സ് | 59 | 59 | 100 |
| കൊമേഴ്സ് പൊളിറ്റിക്സ് | 57 | 54 | 94.7 |
| **പാലാവയൽ** | | | |
| സയൻസ് | 60 | 60 | 100 |
| കൊമേഴ്സ് (പൊളിറ്റിക്കൽ സയൻസ്) | 50 | 42 | 84 |
| **വായാട്ടുപറമ്പ** | | | |
| സയൻസ് | 59 | 58 | 98.3 |
| കമ്പ്യൂട്ടർ സയൻസ് | 52 | 48 | 92.3 |
| കൊമേഴ്സ് (പൊളിറ്റിക്കൽ സയൻസ്) | 51 | 49 | 96 |
| ഹ്യുമാനിറ്റീസ് | 60 | 51 | 85 |

## പ്രധാനാധ്യാപക സമ്മേളനവും ശിൽപശാലയും

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എൽ.പി, യുപി, ഹൈസ്കൂൾ വിഭാഗങ്ങളിലെ പ്രധാനാധ്യാപകർക്കുള്ള പരിശീലന

പ്രോഗ്രാം 09/07/2022 ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയ റിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. മുൻ വിദ്യാഭ്യാസ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫും ഇരിട്ടി എഇഒ ഓഫീസിലെ റിട്ടയേർഡ് സൂപ്രണ്ടുമായ ശ്രീ. പത്മരാജൻ സാറാണ് ക്ലാസുകൾ നയിച്ചത്. 66 പ്രധാ നാധ്യാപകർ സംബന്ധിച്ചു. വളരെ വിജ്ഞാന പ്രദമായ ക്ലാസുകൾ ആയി രുന്നു. പുതിയതായി പ്രധാനാധ്യാപക സ്ഥാനം ഏറ്റെടുത്ത അധ്യാപകർക്ക് ഈ പ്രോഗ്രാം ഗുണകരമായിരുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിലും ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളും പരിശീലന പരി പാടിക്ക് നേതൃത്വം നൽകി. ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവർ പ്രധാനാധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

## സദ്ഗമയ പി.ടി. ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങ ളിലെ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. എല്ലാ വിദ്യാലയങ്ങളിൽ നിന്നും പങ്കാളിത്തം ഉണ്ടാകണം. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സ രം. സ്കൂൾതല പ്രസംഗമത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരു കൾ ആഗസ്റ്റ് 10-ാം തീയതിക്ക് മുമ്പായി ടീച്ചേഴ്സ് ഗീൽഡിന്റെ ഐഡി യിലേക്ക് (teachersguildtly@gmail.com) ഇ-മെയിൽ ചെയ്യേണ്ടതാണ്. ഒരു സ്കൂളിൽ നിന്ന് എൽ.പി, യു.പി, എച്ച്.എസ്.എസ് വിഭാഗങ്ങളിലായി രണ്ട് വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാവുന്നതാണ്. ആഗസ്റ്റ് 18-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് താഴെ പറയുന്ന സെന്ററുകളിൽ വെച്ച് മത്സരം നടത്തുന്നതാണ്.

### സെന്ററുകൾ

ഹയർസെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിലാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.

എൽ.പി, യുപി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥി കൾക്കായി എടൂർ ഹൈസ്കൂൾ, വായാട്ടുപറമ്പ ഹൈസ്കൂൾ, തോമാപുരം ഹൈസ്കൂൾ എന്നീ സെന്ററുകളിലാണ് മത്സരം നടത്തുന്നത്. സ്കൂളിന ടുത്തുള്ള സെന്റർ മത്സരത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്.

### സദ്ഗമയ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മുഖപത്രമായിരുന്ന സദ്ഗമയ കഴിഞ്ഞ ഏതാനും നാളുകളായി മുടങ്ങിയിരുന്നു. ഈ അധ്യയന വർഷം

മുതൽ സദ്ഗമയുടെ പ്രസിദ്ധീകരണം പുനരാരംഭിക്കുന്നു. തുടക്കത്തിൽ ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്നു.

എഡിറ്റോറിയൽ ബോർഡിലേക്ക് താഴെ പറയുന്നവരെ തിരഞ്ഞെടുത്തിരിക്കുന്നു. മുൻ വർഷങ്ങളിൽ ഉണ്ടായിരുന്നതുപോലെ നമ്മുടെ അധ്യാപകരുടെയും കുട്ടികളുടെയും സൃഷ്ടികളും ലേഖനങ്ങളും സദ്ഗമയിലേക്ക് പ്രതീക്ഷിക്കുന്നു. വിശദമായ കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

1. ജിനിൽ മർക്കോസ് - എച്ച്.എസ്.എസ്.ടി, ചെമ്പേരി - ചീഫ് എഡിറ്റർ
2. റിൻസി അബ്രഹാം - എച്ച്.എസ്.എസ്.ടി, വെള്ളരിക്കുണ്ട്
3. ജോബി ജോൺ - എച്ച്.എസ്.ടി, പെരുമ്പടവ് എച്ച്.എസ്
4. ബെന്നി മാത്യു - എച്ച്.എസ്.ടി, എടൂർ എച്ച്.എസ്
5. ഷാലിമ സി മാത്യു - യുപിഎസ്ടി, ചെമ്പന്തൊട്ടി യുപി
6. ബിജു ടി തോമസ് - യുപിഎസ്ടി, വായാട്ടുപറമ്പ യു പി
7. അമൽ ജോർജ് - എൽ.പി.എസ്.ടി, പാലാവയൽ എൽ.പി
8. അമല പോൾ - എൽ.പി.എസ്.ടി, തൊണ്ടിയിൽ യുപി

## തലശ്ശേരി കോർപ്പറേറ്റ് എജ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്

2019 മെയ് മാസം മുതൽ 2022 മാർച്ച് 31 വരെ നമ്മുടെ സ്കൂളുകളുടെ നിർമ്മാണം, നവീകരണം, നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ അലവൻസ് എന്നിവയ്ക്കായി നൽകിയ തുകയുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.

| SL No. | Name of School | Amount | Daily Wage Given to Teachers |
|---|---|---|---|
| 1 | Angadikadavu HSS | 430000 | 105000 |
| 2 | Angadikadavu HS | 4500000 | |
| 3 | Angadikadavu UP | 30000 | |
| 4 | Areekamala LP | 250000 | 175000 |
| 5 | Bheemanady LP | 795000 | |
| 6 | Chandanckampara HS | 300000 | |
| 7 | Chandanckampara UP | 1000000 | |
| 8 | Chemperi HS | 500000 | |
| 9 | Chemperi HSS | 600000 | |
| 10 | Chemperi UP | 550000 | |
| 11 | Chempanthotty HS | 11500000 | |
| 12 | Chempanthotty UP | 1200000 | |

| | | | |
|---|---|---|---|
| 13 | Cherupuzha HS | 4310000 | |
| 14 | Edoor HSS | 3060000 | |
| 15 | Edoor HS | 2600000 | |
| 16 | Edoor LP | 1560000 | |
| 17 | Edakkome LP | 650000 | |
| 18 | Charal LP | 172066 | |
| 19 | Kolakkad HSS | 510000 | |
| 20 | Kolakkad HS | 3000000 | |
| 21 | Kappad UP | 600000 | |
| 22 | Kadumeni HS | 6500000 | |
| 23 | Karikkottakary HS | 500000 | |
| 24 | Karikkottakary UP | 13700000 | |
| 25 | Kalluvayal LP | 95000 | |
| 26 | Kilianthara HS | 13400000 | |
| 27 | Kunnoth HSS | 600000 | 63000 |
| 28 | Kunnoth HS | 435000 | |
| 29 | Kunnoth UP | 230000 | |
| 30 | Karivedakam UP | 1000000 | |
| 31 | Karulladukkam UP | 8330000 | |
| 32 | Kudianmala HS | 1050000 | |
| 33 | Kudiianmala UP | 1300000 | |
| 34 | Kanjirakolly UP | 800000 | |
| 35 | Kacherikadavu UP | 105000 | 60000 |
| 36 | Kozhichal LP | 30000 | |
| 37 | Josegiri UP | 700000 | |
| 38 | Mandapam UP | 1000000 | |
| 39 | Mattara UP | 1675000 | |
| 40 | Manhalampuram UP | 750000 | |
| 41 | Marygiri HSS | 1000000 | |
| 42 | Marygiri HS | 500000 | |
| 43 | Marypuram LP | | 110000 |
| 44 | Mangode LP | 150000 | |
| 45 | Manikkadavu HSS | 1000000 | 207000 |
| 46 | Manikkadavu HS | 1360000 | |

| | | | |
|---|---|---|---|
| 47 | Nellikutty HS | 10300000 | |
| 48 | Nellikutty UP | 60000 | |
| 49 | Nellickampoil LP | 300000 | |
| 50 | Nellippara LP | 150000 | |
| 51 | Paisakary HS | 100000 | |
| 52 | Paisakary UP | 700000 | |
| 53 | Palavayal HSS | 1100000 | 718100 |
| 54 | Palavayal HS | 300000 | |
| 55 | Pathenpara UP | 50000 | |
| 56 | Peratta UP | 1000000 | |
| 57 | Perumpunna UP | 525000 | |
| 58 | Peravoor HS | 400000 | |
| 59 | Thondiyil UP | 1300000 | |
| 60 | Pulikurumba HS | 200000 | |
| 61 | Pulikurumba UP | 15000 | |
| 62 | Thomapuram HSS | 600000 | |
| 63 | Thomapuram HS | 60000 | |
| 64 | Thomapuram LP | 60000 | |
| 65 | Thabore LP | 100000 | |
| 66 | Ratnagiri LP | 2100000 | |
| 67 | Randamkadavu LP | 770000 | |
| 68 | Udayagiri UP | 5500000 | |
| 69 | Vayattuparamba HSS | 270000 | |
| 70 | Vayattuparamba HS | 1029339 | |
| 71 | Vayattuparamba UP | 6035000 | |
| 72 | Vayathur UP | 460000 | |
| 73 | Vellarikundu HSS | 5115250 | |
| 74 | Vellarikundu HS | 30000 | |
| 75 | Vellarikundu LP | 75000 | |

സ്നേഹപൂർവം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

## അഡ്മിഷൻ 2022-23

2022-23 അധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ. അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കുവേണ്ടി വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120-ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. പ്ലസ്ടു പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷിപ്പുകൾ ലഭ്യമാകാൻ അർഹതയുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in E-mail: admission@vjec.ac.in**

## 2022-23 അധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ

**പ്ലസ് ടു പരീക്ഷക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്** എന്നീ വിഷയങ്ങൾക്ക് ആകെ 80% മുതൽ മാർക്ക് ലഭിച്ച പ്ലസ് ടു കുട്ടികൾക്ക് താഴെ സൂചിപ്പിക്കുന്ന പ്രകാരം വിവിധങ്ങളായ സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**https://vjec.ac.in/scholarship/**എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഇപ്പോൾതന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്. ഫോൺ വഴി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ ഈ നമ്പറിൽ വിളിക്കുക : **9846 423 448, 9400 062 919**

### 1. പ്ലാറ്റിനം സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 95% മാർക്ക് നേടിയ കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ അവസരം. 2,65,400/- രൂപ സ്കോളർഷിപ്പ്.

### 2. ഡയമണ്ട് സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 90% മാർക്ക് നേടുന്ന കുട്ടികൾക്ക് 1,50,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

### 3. ഗോൾഡൻ സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 85% മാർക്ക് നേടുന്ന കുട്ടികൾക്ക് 60,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

### 4. സിൽവർ സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 80% മാർക്ക് നേടുന്ന കുട്ടികൾക്ക് 40,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

കമ്പ്യൂട്ടർ ബ്രാഞ്ചുകൾ ഒഴികെ എല്ലാ കോഴ്സിനും സ്കോളർഷിപ്പ് ലഭ്യമാണ്.

## KEAM RANK SCHOLARSHIP 2022

| | | |
|---|---|---|
| KEAM Rank 1-5000 | : | Scholarship : Entire college fee |
| Rank 5001 - 8000 | : | Scholarship : 2,65,400/- (66,350 x 4 year)<br>Tuition Fee = Government Fees only (Rs.8650/-) |
| Rank 8001-10000 | : | Scholarship : 1,20,000/- (30,000 x 4 year) |
| Rank 10001-20000 | : | Scholarship : 20,000/- (5000 x 4 year) |

## ഇപ്പോൾ വിമൽ ജ്യോതിയിൽ 10 ബി.ടെക് കോഴ്സുകൾ ഉണ്ട്

1. Mechanical Engineering (ME)
2. Civil Engineering (CE)
3. Electrical & Electronics Engineering (EEE)
4. Electronics & Communication Engineering (ECE)
5. Applied Electronics & Instrumentation (AEI)
6. Computer Science & Engineering (CSE)
7. Computer Science & Design (CSD)
8. Artificial Intelligence & Data Science (ADS)
9. Computer Science and Business System
10. Computer Science and Cyber Security

കൂടാതെ MBA, M.Tech, Ph.D. എന്നീ ഉപരിപഠന കോഴ്സുകളും ലഭ്യമാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- ഡിജിറ്റൽ കസ്റ്റമർ എക്സ്പീരിയൻസിൽ ഏറ്റവും മുൻനിരയിലുള്ള പ്രമുഖ കമ്പനിയായ HINDUJA GLOBAL SERVICES (HGS) അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി.
- ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ രൂപകല്പനയിലും സംയോജനത്തിലും ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ TATA ELXSI ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. രണ്ട് അവസാനവർഷ വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
- ഇ-കൊമേഴ്സ് രംഗത്തെ ആഗോള ബഹുരാഷ്ട്ര കമ്പനിയായ AMAZON, ALEXA ഡാറ്റാ സർവ്വീസസ് ഡിപ്പാർട്ട്മെന്റിലെ ഒഴിവുകളിലേയ്ക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 5 വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു.

- TCS, SOTI, HITACHI Solutions, ASPIRE Systems എന്നീ പ്രമുഖ കമ്പനികൾ 2023ൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ മാസത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.

## റീജിയണൽ ഓഫീസ് മാനന്തവാടിയിൽ പ്രവർത്തനമാരംഭിച്ചു

വിമൽ ജ്യോതി എൻജിനീയറിംഗ് & എം.ബി.എ. കോളേജിന്റെ റീജിയണൽ ഓഫീസ് മാനന്തവാടി ദ്വാരക കോർപ്പറേറ്റ് ഓഫീസ് മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. സിജോ ഏളംക്കുന്നപ്പുഴ ഉദ്ഘാടനം ചെയ്തു. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ബർസാർ ഫാ. ലാസർ വരമ്പകത്ത്, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ ഫാ. സുബിൻ റാത്തപ്പിള്ളിൽ എന്നിവർ സന്നിഹിതരായിരുന്നു.

## ശ്രീ. കെ.എം. ജോസഫ് (80) നിര്യാതനായി

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സാറിന്റെ പിതാവ് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കുറുന്താനത്ത് ശ്രീ. കെ. എം. ജോസഫ് അന്തരിച്ചു. 18.07.2022ന് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ നടന്ന സംസ്കാരശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നേതൃത്വം നൽകി. വിമൽ ജ്യോതിയെ പ്രതിനിധീകരിച്ച് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, മുൻ മാനേജർ റവ. ഫാ. ജിയോ പുളിക്കൽ തുടങ്ങിയ വൈദികരും സ്റ്റാഫ് പ്രതിനിധികളും പങ്കെടുത്തു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 2022 വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

  Website : **www.vjim.ac.in** E-mail: **admission@vjim.ac.in**

## 2022-ലെ വിവിധ സ്കോളർഷിപ്പുകൾ

**ഗോൾഡൻ സ്കോളർഷിപ്പ്:** യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന മികച്ച 10 വിദ്യാർത്ഥികൾക്ക് 40,000 രൂപ. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (10000 x 4) ഇത് ലഭ്യമാണ്.

യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് മാർക്ക് അടിസ്ഥാനത്തിൽ 20,000 രൂപ നൽകും. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (5,000x4) ഇത് ലഭ്യമാണ്.

**സിൽവർ സ്കോളർഷിപ്പ് :** KMAT-ൽ മികച്ച മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് 5000 രൂപ ലഭിക്കും.

**MBA Convocation :** വിമൽ ജ്യോതി എം.ബി.എ കോളേജിലെ 2019-21 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് കോളേജ് ചെയർമാൻ തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്ത് ബിരുദദാന സന്ദേശം നൽകി. മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ ബിരുദധാന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അഡ്മിനിസ്ട്രേറ്റർ ഫാ. സുബിൻ റാത്തപ്പിള്ളി സ്വാഗതവും പ്രൊഫ. രശ്മി തോമസ് നന്ദിയും അർപ്പിച്ചു.

**5 Days FDP program :** വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ജൂലൈ 18 മുതൽ 22 വരെ നടന്ന പ്രോഗ്രാം കോളേജ് രക്ഷാധികാരി അഭിവന്ദ്യ പിതാവ് ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് എക്കണോമിക്സ് വിഭാഗം പ്രൊഫസർ ഡോ. ജോസഫ് ടി ജെ, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനു സൂസൻ സാം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**താമരശ്ശേരി സെന്റ് അൽഫോൻസ കോളേജുമായി MOU** : വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും താമരശ്ശേരി രൂപതയിലെ സെന്റ് അൽഫോൻസ കോളേജുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതിൻപ്രകാരം അൽഫോൻസ കോളേജിലെ കുട്ടികൾക്ക് ഉപരിപഠനം, ജോലി തുടങ്ങിയ കാര്യങ്ങളിൽ തുടർച്ചയായ പരിശീലനവും സഹായവും വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് നൽകുന്നതാണ്. ഈ വർഷം എം.ബി.എ പ്രോഗ്രാമിന് അഡ്മിഷൻ എടുക്കുന്ന അൽഫോൻസ കോളേജിലെ കുട്ടികൾക്ക് 40,000/- രൂപയുടെ ഉപരിപഠന സ്കോളർഷിപ്പും വിമൽ ജ്യോതി കോളേജ് നൽകാൻ ധാരണയായി. ജൂലൈ 18-ാം തീയതി തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജിൽ വച്ച് നടന്ന ഉന്നതതല സമ്മേളനത്തിൽ ഇരുകോളേജുകളും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

**എം.ബി.എ സൗജന്യ കെ-മാറ്റ് ട്രെയിനിംഗ് :** എം.ബി.എ. പ്രവേശന എൻട്രൻസിനായുള്ള (KMAT) 5 ദിവസം നീണ്ടുനിൽക്കുന്ന കോച്ചിംഗിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 8111918367

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

## 1. K-TET Coaching

K-TET പരീക്ഷയ്ക്കായുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആഗസ്റ്റ് 1 മുതൽ ഓൺലൈൻ ആയി ആരംഭിക്കുന്നു.

## 2. German Language Coaching

- ജർമ്മൻ Language Coaching A1, A2, B1 പുതിയ ബാച്ചുകൾ ആഗസ്റ്റ് 16ന് ആരംഭിക്കുന്നതാണ്.
- A1 ബാച്ചിലേക്ക് ആദ്യം അഡ്മിഷനെടുക്കുന്ന 25 കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക.
- B2 പുതിയ ബാച്ച് ആഗസ്റ്റ് 1ന് ആരംഭിക്കുന്നതാണ്.
- ജർമ്മൻ Language Coaching ക്ലാസ്സുകൾ പൂർണ്ണമായും റസിഡൻഷ്യൽ ക്ലാസ്സുകളാണ്.

## 3. IELTS, OET

IELTS, OET പുതിയ ബാച്ചുകൾ ആഗസ്റ്റ് 1നും, ആഗസ്റ്റ് 15നും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കുട്ടികളുടെ ആവശ്യാനുസരണം individual training നൽകുന്നതാണ്.

## 4. UKVI

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പരിശീലനവും സാൻജോസ് അക്കാഡമിയിൽ നടന്നുകൊണ്ടിരിക്കുന്നു.

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

ഇന്ത്യയിലെ ഏറ്റവും മികച്ച കോളേജുകളെ അടയാളപ്പെടുത്തുന്ന എൻ ഐ ആർ എഫ് റാങ്കിംഗിങ്ങിൽ 150-200 ബാൻഡിൽ നിർമലഗിരി കോളേജ് ഉൾപ്പെട്ടതാണ് ഈ മാസത്തെ ഏറ്റവും സന്തോഷമുള്ള വാർത്ത. 2021-22 അധ്യയന വർഷത്തിൽ എല്ലാ ഡിപ്പാർട്ട്മെന്റും പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചു. കെമിസ്ട്രി വിഭാഗം ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും കണ്ണൂർ യൂണിവേഴ്സിറ്റി തലത്തിൽ ഉന്നത സ്ഥാനം നേടിയവരേയും A+ ലഭിച്ച വിദ്യാർത്ഥികളെയും അനുമോദിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷനായ ചടങ്ങിൽ ഫോറൻസിക് ലബോറട്ടറി കണ്ണൂർ ഡിവിഷൻ സൈന്റഫിക്ക് ഓഫീസർ ശ്രീമതി. ലിജിത്ത് പി. എസ്. മുഖ്യാതിഥി ആയിരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി ബിരുദാനന്തര ബിരുദതലത്തിൽ ഒന്നാം സ്ഥാനവും മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ തേജാ സാജനും രാകേന്ദു വിനോദിനും ഉപഹാരം നൽകി. ചടങ്ങിന് കെമിസ്ട്രി വിഭാഗം അധ്യക്ഷ ഡോ. മഞ്ജുഷ മാത്യു സ്വാഗതവും അസി. പ്രൊഫസർ. ഡോ. സിജി മാത്യു നന്ദിയും പറഞ്ഞു. ഇക്കണോമിക്സ് വിഭാഗം മെറിറ്റ് ഡേ ആഘോഷിച്ചു. ബിരുദ തലത്തിലും ബിരുദാനന്തര തലത്തിലും ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ. വി. മുഖ്യാതിഥി ആയിരുന്നു. വകുപ്പധ്യക്ഷൻ ഡോ. ടി. കെ. സെബാസ്റ്റ്യൻ സ്വാഗതവും അസി. പ്രൊഫ. ശ്രീ. ജോൺസൺ ജോർജ് നന്ദിയും പറഞ്ഞു. കണ്ണൂർ യൂണിവേഴ്സിറ്റി ബോട്ടണി ബിരുദ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷനായ ചടങ്ങ് ബർസാർ ഫാ. ഷാജി തെക്കേമുറി ഉദ്ഘാടനം ചെയ്തു. ഐക്യു എ സി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ഡോ. ഡെന്നി ഫിലിപ്പ്, അസി. പ്രൊഫ. രശ്മി തോമസ് എന്നിവർ ആശംസ നേർന്ന് സംസാരിച്ചു. യൂണിവേഴ്സിറ്റി തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച എം.എസ്. നൈമി ശരണ്യ മറുപടി പ്രസംഗം നടത്തി. വകുപ്പ് അധ്യക്ഷൻ ഡോ. അൻപിൻ രാജ സ്വാഗതവും ചന്ദന വി.പി. നന്ദിയും പറഞ്ഞു. ഹോം സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Seminar on Introduction to Reserch Methodology എന്ന വിഷയത്തിൽ സെന്റ് ട്രീസാസ് ഹോം സയൻസ് വകുപ്പ് അധ്യക്ഷയായിരുന്ന റിട്ട. പ്രൊഫസർ ഡോ. ഷീലാമ്മ ജേക്കബ് ക്ലാസെടുത്തു. നിർമലഗിരി കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി.

അധ്യക്ഷത വഹിച്ചു. വകുപ്പധ്യക്ഷ ഡോ. സി. സെലിൻ മാത്യു സ്വാഗതവും അമയ കെ നന്ദിയും പറഞ്ഞു. ആരവം 2K 22 എന്ന പേരിൽ ഇവന്റ് മാനേജ്മെന്റ് പ്രോഗ്രാം ഹോം സയൻസ് വിഭാഗം സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഇൻചാർജ് ഡോ. ടി.കെ. സെബാസ്റ്റ്യൻ വൈസ് പ്രിൻസിപ്പാൾ റവ. ഡോ. ജോബി ജേക്കബ് റവ. ഡോ. മാർട്ടിൻ ജോസഫ് എന്നിവർ മുഖ്യാതിഥികളായിരുന്നു. നിർമലഗിരി കോളേജിന്റെ 58-ാം വാർഷിക ദിനത്തോടനുബന്ധിച്ച് ഈ മാസം 13-ാം തീയതി ചരിത്രവിഭാഗം വിദ്യാർത്ഥികൾക്കായി കോളജിന്റെ ഡോക്യുമെന്ററി ചരിത്ര പ്രദർശനം നടത്തി. നിർമലഗിരി ഗവേഷണ കേന്ദ്രമായ ഐറിഷിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം നേടിയവരെ ആദരിക്കുന്ന ചടങ്ങ് കോഴിക്കോട് സർവകലാശാല പരീക്ഷാ കൺട്രോളർ ഡോ. ഗോഡ്വിൻ സാംരാജ് ഉദ്ഘാടനം ചെയ്ത് ന്യൂ റിസേർച്ചസ് ആൻഡ് ഡിബേറ്റ്സ് ഇൻ സോഷ്യൽ സയൻസ് എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യ ഇന്നു നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശാസ്ത്രീയവും ഇന്റർ ഡിസിപ്ലിനറി യുമായ ഗവേഷണങ്ങൾ സോഷ്യൽ സയൻസ് മേഖലയിൽ ഒഴിവാക്കാ നാവാത്തതാണെന്ന് സാമൂഹ്യപ്രതിബദ്ധതയുള്ള ഗവേഷണങ്ങളെ പരിപോഷിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും യൂണിവേഴ്സിറ്റി കളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും പങ്ക് വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. 2021-22 കാലയളവിൽ ഡോക്ടറേറ്റ് ബിരുദം നേടിയ രാജേഷ് പി, നാരായണൻ പി, ശ്രീജ കെ., സുനിതാ ജോസഫ്, ബുഷ്റ എം. വി. രശ്മി രാജൻ കെ, പ്രബീഷ വി. പി., നന്ദകുമാർ കെ., ജംഷീറ പി. കെ., സ്വാതി എം. എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഐറിഷ് ഡയറക്ടർ റവ. ഡോ. എം. ജെ. മാണി, നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി., ഗവേഷണ മാർഗദർശികളായ ഡോ. ജോയി വർക്കി, ഡോ. ടി. കെ. സെബാസ്റ്റ്യൻ, അസി. പ്രൊഫസർ ജോൺസൺ ജോർജ് എന്നിവർ പ്രസംഗിച്ചു.

ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന റാൻ ഡം വാക് പ്രഭാഷണ പരമ്പരയുടെ ഭാഗമായി സൂര്യപ്രകാശത്തെ അടുത്തറിയാം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

ഉത്തരാഖണ്ഡ് ആര്യഭട്ടാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്സർവേഷൻ സയൻസിൽ റിസേർച്ച് അസോസിയേറ്റും ജ്യോതിശാസ്ത്രജ്ഞയും ആയ ഡോ. അഞ്ജലി ജെ കൈതക്കൽ മുഖ്യപ്രഭാഷണം നടത്തി. വകുപ്പധ്യക്ഷൻ ഡോ. ജോജി കുര്യൻ അധ്യക്ഷത വഹിച്ചു. ഡോ. ദീപു തോമസ് സ്വാഗതവും കുമാരി അഞ്ജലി ജോൺ നന്ദിയും അറിയിച്ചു.

ജനിതകശാസ്ത്രത്തിന്റെ പിതാവായ ഗ്രിഗർ ജോഹാൻ മെൻഡലിന്റെ 200-ാം ജന്മദിനത്തോടനുബന്ധിച്ച് സുവോളജി വിഭാഗം മെൻഡൽ ദിനം ആചരിച്ചു. മെൻഡൽ സെന്റ് തോമസ് ആബി ബ്രണോയിൽ (ഇന്നത്തെ ചെക്ക് റിപ്പബ്ലിക്) ഒരു അഗസ്തീനിയൻ വൈദികൻ ആയിരുന്നു. ജനിതകശാസ്ത്രത്തിന്റെ ജൈവശാസ്ത്ര മേഖല കണ്ടെത്തിയത് അദ്ദേഹമാണെന്ന് കണക്കാക്കപ്പെടുന്നു. തിരുവല്ല ലൈഫ് സയൻസ് അക്കാദമി ഡയറക്ടർ ശ്രീ. കിരൺ കുമാർ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷത വഹിച്ചു. സുവോളജി വിഭാഗം അധ്യക്ഷ ഡോ. ജിംലി സി. ജേക്കബ് സ്വാഗതവും അസി. പ്രൊഫ. വിനീഷ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

എൻ.സി.സിയുടെയും ഭൂമിത്രസേനയുടെയും സംയുക്താഭിമുഖ്യത്തിൽ പ്ലാസ്റ്റിക് വിരുദ്ധദിനം ആചരിച്ചു. ചടങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ. വി. ഉദ്ഘാടനം ചെയ്തു. എൻ.സി.സി. കേഡറ്റുകൾ പ്ലാസ്റ്റിക് വിരുദ്ധ പ്രതിജ്ഞ എടുക്കുകയും തുണി സഞ്ചി വിതരണം നടത്തുകയും ചെയ്തു. എൻ.സി.സി കെയർ ടേക്കർ അസി. പ്രൊഫ. ശ്രീ. കമില്ലോ ജോസഫ് സ്വാഗതവും ബോട്ടണി വിഭാഗം അസി. പ്രൊഫ. ശ്രീമതി. രശ്മി തോമസ് നന്ദിയും പറഞ്ഞു. പൂർവ വിദ്യാർത്ഥിസംഘടന എവർഗ്രീനിന്റെ അഡ്മിൻ പാനൽ മീറ്റിംഗ് സംഘടിപ്പിച്ചു. കോളേജ് മുൻ പ്രിൻസിപ്പാൾ റവ. ഫാ. ജിയോ പുളിക്കൽ, കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ശ്രീജയൻ പ്രശസ്ത സിനിമ എഡിറ്റർ രഞ്ചൻ എബ്രഹാം എന്നിവർ പങ്കെടുത്തു. നിർമലഗിരി കോളേജിന്റെ സഹോദരസ്ഥാപനമായ നിർമലഗിരി കോളേജ് ആർട്ട്സ് ആൻഡ് സയൻസ് അക്കാദമിക്ക് യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ചു. കോളേജിലേക്കുള്ള ബിരുദ പ്രവേശനം ആരംഭിച്ചു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

## ജൂലൈ മാസ പ്രോഗ്രാമുകൾ

### ദുക്റാന തിരുനാൾ ആചരണം

നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാൾ ദിനത്തിൽ ആലക്കോട് ബധിര ബൈബിൾ സമൂഹത്തിനായി ആലക്കോട് ദേവാലയത്തിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് നടന്ന മീറ്റിംഗിൽ വിശ്വാസജീവിതത്തിന്റെ വിവിധവശങ്ങൾ അംഗങ്ങൾ പങ്കുവെച്ചു.

പത്താം ക്ലാസ് പരീക്ഷയിൽ ഫുൾ എ പ്ലസ് വാങ്ങിയ ജുഡിയ ജിമ്മിക്ക് അനുമോദനങ്ങൾ അർപ്പിച്ചു.

### ബാംഗ്ലൂർ മിഷൻ

- പത്താം തീയതി ഞായറാഴ്ച സെൻറ് പാട്രിക് ചർച്ചിൽ വിശുദ്ധ കുർബാന അർപ്പിച്ച് ബൈബിൾ പഠനവും നൽകി.

### അതിരൂപത വൈദിക കൂട്ടായ്മ

തലശ്ശേരി നടന്ന റിഫ്രഷ്മെന്റ് കോഴ്സിൽ റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, റവ. ഫാ. ജിനു വടക്കേ മുളഞ്ഞിനാൽ എന്നിവർ ആദം മിനിസ്ട്രിയെക്കുറിച്ച് അവലോകനങ്ങൾ നടത്തി. ആദം മിനിസ്ട്രിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, സന്തോഷത്തോടുകൂടി പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ വൈദിക സുഹൃത്തുക്കളോടും നന്ദിയും കടപ്പാടും അറിയിക്കുന്നു.

### വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ

തിരുനാൾ അനുബന്ധിച്ച് 26,27,28 തീയതികളിൽ വൈകുന്നേരം വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേന ഓൺലൈൻ പ്ലാറ്റ്ഫോമിൽ അർപ്പിച്ചു.

## ഓഗസ്റ്റ് മാസ പരിപാടികൾ

### വിശുദ്ധ കുർബാന

- ഓഗസ്റ്റ് 7 - ആലക്കോട്
- ഓഗസ്റ്റ് 14 - ബാംഗ്ലൂർ.

### ഓൺലൈൻ മിഷൻ

- 6,13,20,27 തീയതികളിൽ വൈകുന്നേരം ആറ് മുപ്പതിന് വിശുദ്ധ കുർബാന.
- മൂന്നാം തീയതി വൈകുന്നേരം 8:30ന് ആരാധന.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

സ്നേഹമുള്ളവരേ,

കർഷകർ ഇന്ന് വിവിധ തലങ്ങളിൽ കഷ്ടത അനുഭവിക്കുന്നു. താൻ ഇന്നുവരെയും കരം അടച്ച് അനുഭവിച്ച് വന്ന ഭൂമിയിൽ നിന്നും ജീവിക്കാൻ കഴിയാതെ പുറത്തുപോകേണ്ട അവസ്ഥ വന്നുചേർന്നിരിക്കുന്നു. ബഫർ സോൺ വിഷയത്തിൽ നാടിന്റെ വിവിധഭാഗങ്ങളിൽ ധർണ്ണയും പൊതുയോഗങ്ങളും ചർച്ചകളും പ്രതിഷേധ പ്രകടനങ്ങളും നടക്കുന്നുവെങ്കിലും ഗവൺമെന്റ് തലത്തിൽ എന്ത് നിയമനിർമ്മാണം നടത്തുന്നു. കോടതിയിൽ എന്ത് നിലപാട് എടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ബഫർ സോൺ ഉണ്ടാകുമോ എന്നത്. അതിനാൽ കക്ഷിരാഷ്ട്രീയങ്ങൾക്ക് അപ്പുറം കർഷകർക്കു വേണ്ടി ഈ നാടിനുവേണ്ടി നിൽക്കാൻ നമുക്കും ഗവൺമെന്റിനും സാധിക്കട്ടെ. ബഫർ സോൺ വിഷയം ഗൗരവത്തോടെ കാണുകയും ദിയാക്കോണിയായുടെയും പാരീഷ് കൗൺസിലിന്റെയും നേതൃത്വത്തിൽ സമരങ്ങളും ധർണ്ണകളും സംഘടിപ്പിക്കുകയും കർഷകർക്കൊപ്പം അവരുടെ അവകാശ സംരക്ഷണത്തിനായി നമുക്കു നിലകൊള്ളുകയും ചെയ്യാം.

## യൂണിറ്റുകൾ സ്ഥാപിക്കാം

ഇൻഫാം ശക്തിപ്പെടണമെങ്കിൽ ഇൻഫാം യൂണിറ്റ് ഇടവകാതലത്തിൽ ഉണ്ടാകണം. അതിന് ഇടവകാതലത്തിൽ ഇൻഫാമിന്റെ ഒരു സ്വാശ്രയ യൂണിറ്റ് ആരംഭിക്കുക. ആ സ്വയാശ്രയ സംഘത്തെ ഇൻഫാമിന്റെ ഇടവകാതല എക്സിക്യൂട്ടീവ് ആയി കണ്ട് ആ പ്രദേശത്തെ മുഴുവൻ കർഷകരെയും ഈ യൂണിറ്റിന്റെ ജനറൽ ബോഡിയായി കണ്ട് നൂറ് രൂപയെങ്കിലും അംഗത്വഫീസ് വാങ്ങി അംഗമാക്കുക. ഇങ്ങനെ ചെയ്യാൻ സാധിച്ചാൽ ഇടവകകളിൽ ശക്തമായ ഇൻഫാം യുണിറ്റുകൾ നമുക്കുണ്ടാകും. ഈ രീതിയിൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അതിരൂപതാതലത്തിൽ അതിനാവശ്യമായ എല്ലാ സഹായവും ചെയ്തു തരുന്നതാണ്. ഓഗസ്റ്റ് 17 (ചിങ്ങം ഒന്ന്) ന് മുമ്പായി സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും യൂണിറ്റുകൾ സ്ഥാപിച്ച് കർഷകർക്ക് ഒപ്പം നിൽക്കാൻ നമുക്ക് പരിശ്രമിക്കാം.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട്

ജൂലൈ 3ന് ദുക്റാന തിരുനാൾ സഭാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും കത്തോലിക്ക കോൺഗ്രസ് പതാക ഉയർത്തി.

7-7-22ന് സൂം വഴി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് ഈ മാസത്തെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. നമ്മുടെ സമുദായ അംഗങ്ങളെ ബാധിക്കുന്ന ജനകീയ വിഷയങ്ങൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചു.

### കത്തോലിക്കാ കോൺഗ്രസ് നിരാലംബരോടൊപ്പം

ജൂലൈ പത്താം തീയതി "കത്തോലിക്കാ കോൺഗ്രസ് നിരാലംബരോടൊപ്പം" എന്ന മുദ്രാവാക്യവുമായി അതിരൂപതയിലെ മുഴുവൻ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകളുടെയും നേതൃത്വത്തിൽ അംഗങ്ങളുടെ വായ മൂടികെട്ടികൊണ്ട് ബഹു. വികാരിയച്ചന്മാരോടൊപ്പം പ്രതിഷേധ ധർണ്ണ നടത്തി. അതിരൂപതാതല ഉദ്ഘാടനം വെള്ളരിക്കുണ്ടിൽ അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷത വഹിച്ചു. ഫോറോനാ വികാരി ബഹു. ഡോക്ടർ ജോൺസൺ അന്ത്യംകുളം, ബെന്നി പുതിയപുറം, സിജോ അമ്പാട്ട്, സിജോ കണ്ണംകുളം, ജിജോ കണ്ണേഴത്ത് എന്നിവർ പ്രസംഗിച്ചു.

### നവോത്ഥാനദീപം

കേരളത്തിലെ നവോത്ഥാന നായകരിൽ ഉൾപെടുന്ന വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ തമസ്ക്കരിച്ചുകൊണ്ട് കേരളത്തിലെ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ പേര് ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് അതിരൂപത കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് 17-7-22 ഞായറാഴ്ച അതിരൂപതയിലെ മുഴുവൻ യൂണിറ്റ് കമ്മിറ്റികളിലും വിശുദ്ധ കുർബാനയ്ക്കു ശേഷം ബഹുമാനപ്പെട്ട വികാരി അച്ചന്മാരുടെ നേതൃത്വത്തിൽ നവോത്ഥാന ദീപം  തെളിയിച്ചുകൊണ്ട് പ്രതിഷേധിച്ചു.

അതിരൂപതാതല ഉദ്ഘാടനം പയ്യന്നൂർ സെന്റ് തോമസ് ഇടവകയിൽ അതിരൂപത പ്രസിഡണ്ട് അഡ്വ. ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോന ഡയറക്ടറും പയ്യന്നൂർ സെന്റ് തോമസ് ഇടവക വികാരിയുമായ ബഹു. ഫാ. മാത്യു ആലങ്കോട് അധ്യക്ഷത വഹിച്ചു. ജോർജ് കരിയിൽ ഡൊമിനിക് പഞ്ഞിക്കുന്നേൽ, ഫാദർ ആന്റണി മുഞ്ഞനാട്ട് എന്നിവർ പ്രസംഗിച്ചു.

## AKCC യൂത്ത് കൗൺസിൽ

സിറോ മലബാർ സഭയുടെ അൽമായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ചരിത്രപരമായ ഒരു തീരുമാനമാണ് AKCC യൂത്ത് കൗൺസിൽ രൂപീകരണത്തിലൂടെ എടുത്തിരിക്കുന്നത്. സമുദായ മുന്നേറ്റത്തിനും വളർച്ചയ്ക്കും യുവജനങ്ങൾ അവിഭാജ്യ ഘടകമാണെന്ന് മനസ്സിലാക്കി അവരെ കത്തോലിക്കാ കോൺഗ്രസിന്റെ ഭാഗമാക്കുക എന്നതാണ് AKCC യൂത്ത് കൗൺസിൽ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. KCYMൽ പ്രവർത്തിച്ചിരുന്ന 30 വയസിനു മുകളിൽ പ്രായമുള്ളവരെ സഭയോട് ചേർത്ത് നിർത്താനും സമുദായത്തിന്റെ ഉന്നമനത്തിനായി മേല്പറഞ്ഞ വരിലൂടെ നവ നേതൃനിരയെ വളർത്തി എടുക്കാനും ഗ്ലോബൽ തലത്തിൽ തീരുമാനമെടുത്തു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

നമ്മുടെ അതിരൂപതയിലും യൂത്ത് കൗൺസിലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

തളിപ്പറമ്പിൽ വെച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ് നേതൃത്വ സംഗമത്തിൽവെച്ച് അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് യൂത്ത് കൗൺസിൽ ഔദ്യോഗികമായി നമ്മുടെ അതിരൂപതയിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ മുപ്പത് വയസ്സ് പൂർത്തിയായ എല്ലാ യുവജനങ്ങളെയും യൂത്ത് കൗൺസിലിൽ ചേർക്കണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. അവരിലൂടെ നമ്മുടെ അല്മായ സംഘടന കൂടുതൽ വളർച്ച പ്രാപിക്കും എന്നത് ശുഭകരമാണ്.

യൂത്ത് കൗൺസിലിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി നമ്മുടെ അതിരൂപതയിൽനിന്നും ഗ്ലോബൽയൂത്ത് കോർഡിനേറ്റർ ആയി സിജോ അമ്പാട്ടിനെ തിരഞ്ഞെടുത്തു. കൂടാതെ അതിരൂപത കോർഡിനേറ്റർമാരായി ഏഴുപേരെയും തിരഞ്ഞെടുത്തു. അവർക്ക് വിവിധ ഉത്തരവാദിത്വവും കൊടുത്തിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ എല്ലാ ഫോറോനകളിലും യൂത്ത് കൗൺസിൽ ഫോറോനാ കമ്മിറ്റി രൂപീകരണമാണ് നടക്കുന്നത്. അതിന്റെ ഭാഗമായി വിവിധ ഫോറോനാകളിൽ കോർഡിനേറ്റർമാരെ ഇതിനോടകം തിരഞ്ഞെടുത്തു കഴിഞ്ഞിരിക്കുന്നു.

**അതിരൂപത കോർഡിനേറ്റർമാരും അവരുടെ ചുമതലയുള്ള ഫോറോനയും ചുവടെ ചേർക്കുന്നു**

**ഗ്ലോബൽ യൂത്ത് കോർഡിനേറ്റർ:** സിജോ അമ്പാട്ട്

**കാസർഗോഡ് റീജിയൻ**

| | |
|---|---|
| പനത്തടി, കാസർഗോഡ് | : ആഖിൻ മരിയ |
| കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് | : ടോണി ചെപ്പുകലായിൽ |
| തോമാപുരം, ചെറുപുഴ | : ഷോബി നടുപ്പറമ്പിൽ |

**ചെമ്പേരി റീജിയൻ:**

ആലക്കോട്, മേരിഗിരി, വായാട്ടുപറമ്പ : സനീഷ് ഔസേപ്പ്

ചെമ്പേരി, ചെമ്പൻതൊട്ടി, തളിപ്പറമ്പ : സിജോ കണ്ണേഴത്ത്

**ഇരിട്ടി റീജിയൻ**

നെല്ലിക്കാംപൊയിൽ, പൈസക്കരി : ടോം ജോസ്

കുന്നോത്ത്, എടൂർ, പേരാവൂർ : ജിജോ കണ്ണംകുളം

## യുവദർശൻ 2022

ഫോറോനാ കോർഡിനേറ്റർമാരെ ഉൾപ്പെടുത്തികൊണ്ട് റീജിയണൽ തലത്തിൽ നടത്തുന്ന നേതൃത്വ സംഗമമാണ് യുവദർശൻ. വെള്ളരിക്കുണ്ട് മേഖലയിലെ യുവജന വിഭാഗം കൺവെൻഷൻ 10-7-22ന് വെള്ളരിക്കുണ്ടിൽ വച്ച് അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. സിജോ അമ്പാട്ട് അധ്യക്ഷത വഹിച്ചു. അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ. ബെന്നി പുതിയംപുറം, ജിജോ കണ്ണംകുളം, സിജോ കണ്ണേഴത്ത് എന്നിവർ പ്രസംഗിച്ചു.

ചെമ്പേരി മേഖലയിലെ സമ്മേളനം17-7-22ന് കരുവഞ്ചാലിൽ വച്ച് നടത്തപ്പെട്ടു. ഈ യോഗം അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. സിജോ അമ്പാട്ട് അധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് ജോസഫ് പുഞ്ചകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ബേബി നെട്ടനാനി, ബെന്നി പുതിയാംപുറം, ജിജോ കണ്ണങ്കുളം, സിജോ കണ്ണേഴത്ത്, ഫോറോനാ പ്രസിഡന്റുമാരായ ജോസ് ഏത്തക്കാട്ട്, ടോമി കണയങ്കൽ എന്നിവർ പ്രസംഗിച്ചു.

## സെക്രട്ടറിയേറ്റ് ധർണ്ണ

ബഫർസോൺ വിഷയത്തിലുള്ള കർഷക വിരുദ്ധമായ ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ചും നവോത്ഥാന നായകരിൽ ഉൾപ്പെടുന്ന വിശുദ്ധ ചവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ തമസ്ക്കരിച്ചതിലും പ്രതിഷേധിച്ച് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ ഇരുപതാം തീയതി സെക്രട്ടറിയേറ്റ് നടയിൽ നടത്തിയ ധർണയിൽ അതിരൂപതയിൽനിന്നും അമ്പതോളം പ്രവർത്തകർ പങ്കെടുത്തു. അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ബേബി നെട്ടനാനി, ബെന്നി പുതിയപുറം, അഡ്വ. ഷീജ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

സ്നേഹപൂർവം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** — പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ** — ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (**ANGEL**-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

## ഏയ്ഞ്ചൽ – ഡയറക്ടേഴ്സ് മീറ്റിംഗ്

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അതിരൂപതാ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇരിട്ടി കടത്തുംകടവിൽ 2022 ജൂലൈ മാസത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 ജൂൺ 25-ന് ശേഷം 2022 ജൂലൈ 20 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1 | SH Provincial House | 3,00,000/- |
| 2 | Valsa John | 50,000/- |

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ

ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ ക്യാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

## ചികിത്സാ ചിലവുകൾ

ഓരോ ഫൊറോനകളിൽ നിന്നും നിർധന കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന, സഹായം അർഹിക്കുന്ന വൃക്കരോഗികൾക്ക് 850/- രൂപ നിരക്കിൽ ഡയാലിസിസ് സൗകര്യം നൽകുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെ അധ്യക്ഷതയിൽ ചേർന്ന ഓരോ ഫൊറോനകളുടെയും വികാരിമാർ, ഏയ്ഞ്ചൽ ട്രസ്റ്റ് ബോർഡ് മെമ്പർമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ തുടങ്ങിയവർ സംബന്ധിച്ച മീറ്റിംഗിൽ തീരുമാനമെടുത്തു. ഇത്തരത്തിൽ സഹായം അർഹിക്കുന്നവർക്ക് ഓരോ ഡയാലിസിസിനും ചിലവാകുന്ന 850/- രൂപ അതാത് ഫൊറോനകളിൽ അടയ്ക്കാവുന്നതാണ്. മറ്റുള്ളവർ ആശുപത്രിയിലെ ചികിത്സാചെലവുകൾക്കനുസരിച്ച് ഫീസ് ഡയാലിസിസ് സെന്ററിൽ നേരിട്ട് അടയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓരോ ഫൊറോനകളുടെയും വികാരിമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ എന്നിവർ മുഖേന ബന്ധപ്പെടാവുന്നതാണ്.

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിലും

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഡയാലിസിസ് സെന്ററിലേക്ക് മിനിമം അഞ്ച് വർഷത്തെ പ്രവർത്തിപരിചയമുള്ള ഡയാലിസിസ് ടെക്നീഷ്യന്മാർ, MSW / MBA കമ്പ്യൂട്ടർ പരിജ്ഞാനം / ടാലി, ഡ്രൈവിംഗ് യോഗ്യതയുള്ള ഓഫീസ് സ്റ്റാഫ് എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുകയും ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ വഴി തെരഞ്ഞെടുക്കുകയും ചെയ്തു.

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി

ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കി യിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്ന തിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

നിർധന കുടുംബങ്ങളിലെ കിഡ്നിരോഗികൾക്ക് ഓരോ ഫൊറോന യിൽനിന്നും നൽകേണ്ട സഹായ കൂപ്പണും വൗച്ചറും ഏയ്ഞ്ചൽ ഡയറ ക്ടേഴ്സ് മീറ്റിംഗിൽ വച്ച് വിതരണം ചെയ്തു. ഏറ്റവും അർഹതപ്പെട്ട രോഗിക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കു കൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോന യിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
(ടി.എസ്.എസ്.എസ്.)

**SHG ലോൺ വിതരണം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ധനലക്ഷ്മി ബാങ്കും സംയുക്തമായി കാർഷികമേഖലയുടെ ഉന്നമനത്തിനായി SHG ഗ്രൂപ്പുകൾക്ക് ലോണുകൾ വിതരണം ചെയ്തു. വെള്ളരിക്കുണ്ട്, പനത്തടി എന്നിവിടങ്ങളിലായി 300-ഓളം പേർക്കായി മൂന്ന് കോടി രൂപയുടെ വിതരണമാണ് നടത്തിയത്.

### ലീഡേഴ്സ് മീറ്റിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തോമാപുരം മേഖലയിൽ ലീഡേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. ഫാ. ബെന്നി നിരപ്പേൽ മീറ്റിംഗിന് നേതൃത്വം നൽകുകയും വിവിധ വിഷയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കണ്ണൂർ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പറായി കേരള സർക്കാർ നിയമിച്ചതിന്റെ സന്തോഷസൂചകമായി ഫാ. ബെന്നി നിരപ്പേലിനെ തോമാപുരം മേഖലാ/യൂണിറ്റ് അംഗങ്ങൾ ഉപഹാരം നൽകി ആദരിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീ. ജോസ് മാളിയേക്കൽ, മേഖലാ സെക്രട്ടറി ശ്രീമതി സജിനി സ്റ്റീഫൻ, തോമാപുരം സെന്റ് തോമസ് ചർച്ച് അസി. വികാരി ഫാ. പയസ് അരീക്കാട്ട്, TSSS പ്രോഗ്രാം മാനേജർ ശ്രീമതി ജോസ്ന തുടങ്ങിയവർ സംബന്ധിച്ചു.

### മേഖലാ റിവ്യൂ മീറ്റിംഗ്

TSSS വെള്ളരിക്കുണ്ട് മേഖലയുടെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗ് സംഘടിപ്പിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീ. ഷോണി കെ. ജോർജ്, മേഖലാ സെക്രട്ടറി ശ്രീമതി ബിന്ദു ജേക്കബ്, റീജിയണൽ കോർഡിനേറ്റർ സി. ഡൈനിഷ്, വെള്ളരിക്കുണ്ട് സെന്റ് ലിറ്റിൽ ഫ്ളവർ ചർച്ച് അസി. വികാരി ഫാ. തോമസ് കളത്തിൽ, TSSS പ്രോഗ്രാം മാനേജർ ശ്രീമതി ബീന ബേബി, കൊന്നക്കാട്, മാലോം, പുഞ്ച, ചുള്ളി, നാട്ടക്കല്ല്, പുന്നക്കുന്ന്, ആനമഞ്ഞൾ, വെള്ളരിക്കുണ്ട്, ഭീമനടി, കനകപ്പള്ളി, പരപ്പ എന്നീ TSSS യൂണിറ്റുകളിലെ പ്രസിഡണ്ട്, സെക്രട്ടറി തുടങ്ങിയവർ മീറ്റിംഗിൽ സംബന്ധിച്ചു.

### യൂണിറ്റ് വാർഷിക പൊതുയോഗം

അരവഞ്ചാൽ TSSS ഗ്രാമിക യൂണിറ്റിന്റെ വാർഷിക പൊതുയോഗം TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു. ഫാ. ഷാജി കണിയാപറമ്പിൽ, പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി, ശ്രീ. ജെമിനി

എം. ജോസഫ്, ശ്രീ. പി.കെ. രാജു, സി. ഗ്രേയ്സ് മേരി, ശ്രീമതി വത്സ ജോൺ പള്ളിപറമ്പിൽ, ശ്രീ. ബിനു റോയി എന്നിവർ പൊതുയോഗത്തിൽ സംബന്ധിച്ചു. സംഘടനാ പ്രവർത്തനത്തിൽ മികവ് പ്രകടിപ്പിച്ച വ്യക്തികളെയും ഗ്രാമിക ഗ്രൂപ്പുകളെയും എസ്.എസ്.എൽ.സി. & പ്ലസ് ടു പരീക്ഷകളിൽ വിജയിച്ചവരെയും ചടങ്ങിൽ ആദരിച്ചു.

## ലീഡേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം

TSSS-ന്റെ നേതൃത്വത്തിൽ ജൽ-ജീവൻ മിഷൻ പദ്ധതി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ ഗ്രാമങ്ങളിൽ നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റാഫ് അംഗങ്ങൾക്കായി ലീഡേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. പങ്കെടുത്തവർക്ക് പ്രവർത്തന മേഖലകളിലേക്ക് ആവശ്യമായ നിർദ്ദേശങ്ങളും ട്രെയിനിംഗുകളും നൽകി. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പ്രോഗ്രാമിൽ ഇടവക വികാരി റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ, TSSS പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. തോമസ് ജോൺ എന്നിവർ സംബന്ധിച്ചു. ജൽ-ജീവൻ മിഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. ആന്റണി പുത്തൻപുരയ്ക്കൽ ട്രെയിനിംഗിന് പ്രോഗ്രാമിന് നേതൃത്വം നൽകി.

## ജൽ-ജീവൻ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തൽ

രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും ടാപ്പ് വഴി ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിൽ വരുത്തിയ ജൽ-ജീവൻ മിഷൻ പദ്ധതിയുടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചെറുപുഴ, ഉദയഗിരി, പനത്തടി, കള്ളാർ, ആലക്കോട് പഞ്ചായത്തുകൾ TSSS-ന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും പുരോഗതികൾ വിലയിരുത്തുകയും ചെയ്തു.

## ഭഗവത്പാത ഐ.ടി.ഐ. അഡ്മിഷൻ തുടരുന്നു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ പൈസക്കരിയിൽ ഗവ. ഓഫ് ഇന്ത്യയുടെ NCVT അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന ഭഗവത്പാത ഐ.ടി.ഐ. കോളേജിലൂടെ സാധാരണക്കാരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നു. ജില്ലയിലെ ഏറ്റവും കുറഞ്ഞ ഫീസ് നിരക്ക്, പ്രഗത്ഭരും അനുഭവജ്ഞാനവുമുള്ള അദ്ധ്യാപകരുടെ കീഴിൽ പരിശീലനം, ഇന്ത്യയിലും വിദേശത്തും 100% ജോലി ലഭ്യത, സുസജ്ജമായ ലാബ് സൗകര്യം, കോഴ്സ് പാസാകുന്ന എല്ലാവർക്കും 100% പ്ലേസ്മെന്റ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം, വ്യക്തിത്വവികസനം, കരിയർഗൈഡൻസ്, ഇംഗ്ലീഷ് കോച്ചിംങ്ങ് പരിശീലനം,

75%-ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, നിർധനരായ ട്രെയിനികൾക്ക് പഠനസഹായം, ആധുനിക സൗകര്യങ്ങളോടെ പ്രാക്ടിക്കൽ കമ്പ്യൂട്ടർ ലാബ്, ബസ്സ് കൺസഷൻ, തികഞ്ഞ അച്ചടക്കം തുടങ്ങിയ വിവിധ ആനുകൂല്യങ്ങളോടെ രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാവുന്ന ഇലക്ട്രീഷൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ തുടങ്ങിയ NCVT കോഴ്സുകൾക്ക് അഡ്മിഷൻ തുടരുന്നു.

## കർക്കിടക ലേഹ്യം - വിതരണം

നെടുവാലൂർ പള്ളിയുടെ നവീകരണത്തിന് ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച രീതിയിൽ പ്രത്യേകമായി തയ്യാറാക്കിയ ലേഹ്യം വിതരണം ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങൾ TSSS-ന്റെ നേതൃത്വത്തിൽ നൽകി. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ക്രെഡിറ്റ് യൂണിയൻ, ഗ്രാമിക, മഹിളാ സേവാസംഘം എന്നീ ജനകീയ സംഘങ്ങളിലൂടെ ഓർഡർ സ്വീകരിക്കുകയും, വിതരണം നടത്തി സമാഹരിച്ച തുക നെടുവാലൂർ പള്ളിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്തു.

## ക്യാൻസർ പരിശോധനാക്യാമ്പുകൾ

ക്യാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും ക്യാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചി ട്ടുണ്ട്. മലബാർ ക്യാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ ക്യാൻസർ, സ്തനാർബുദം, ഗർഭാശയ ക്യാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) ഓഗസ്റ്റ് 01 തിങ്കൾ, (ആലക്കോട്) ഓഗസ്റ്റ് 13 ശനി, (ചിറ്റാരിക്കാൽ) ഓഗസ്റ്റ് 15 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### കർഷകരുടെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി കർഷകരൊന്നുചേർന്ന് പ്രവർത്തിക്കുന്ന കൂട്ടായ്മ

**ബയോമൗണ്ടൻ**

തലശ്ശേരി അതിരൂപതാ സംരംഭമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പുരോഗമിച്ചുവരുന്നു.

**ലക്ഷ്യം**

1. എല്ലാ ഇടവകകളിലും ഗ്രൂപ്പുകൾ ആരംഭിക്കുന്നതുവഴി കർഷകരെ വിവിധ കാർഷിക ക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുവാൻ സജ്ജരാക്കുന്നു.
2. കാർഷിക ഉൽപന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതുവഴി ഇടനിലക്കാരുടെ ചൂഷണം തടയുവാനും മികച്ച വരുമാനം ഉറപ്പുവരുത്തുവാനും സാധിക്കുന്നു.
3. ഒറ്റയ്ക്ക് കൃഷി ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി കൂട്ടായ കൃഷിയിലൂടെ അദ്ധ്വാനം കുറയ്ക്കുവാനും കൂടുതൽ വരുമാനം നേടുവാനും സാധിക്കുന്നു.
4. കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ടും വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളായി വിപണനം നടത്തുകയും ചെയ്യുന്നു.
5. ഓരോ ഇടവകകളിലും ആരംഭിക്കുന്ന ബയോമൗണ്ടൻ ഫാർമേഴ്സ് യൂണിറ്റുകൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ സബ്സിഡികളും ആനുകൂല്യങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സഹായങ്ങളും ഉറപ്പുവരുത്തുന്നു.
6. വിവിധ കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ, വളങ്ങൾ, വിത്തുകൾ തുടങ്ങിയവ ഇടവകകളിലെ ബയോമൗണ്ടൻ യൂണിറ്റുകൾവഴി നമ്മുടെ നാട്ടിലെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നു.
7. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് കൃഷിയെക്കുറിച്ചുള്ള ഏറ്റവും നൂതനമായ ആശയങ്ങളും പഠനങ്ങളും ക്ലാസ്സുകളും ട്രെയിനിംഗുകളും കർഷകർക്ക് ലഭ്യമാക്കുന്നു.

8. യുവതലമുറയെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ട വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കുകയും, യുവകർഷകരെ തെരഞ്ഞെടുത്ത് അവരുടെ കൂട്ടായ്മയിലൂടെ പുതിയ കാർഷികരീതികൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

## ജനറൽബോഡി മീറ്റിംഗ്

ബയോമൗണ്ടൻ കമ്പനിയുടെ ജനറൽബോഡി മീറ്റിംഗ് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ആർച്ചുബിഷപ്പ് ജോർജ് ഞറളക്കാട്ട് ഗോൾഡൻ ജൂബിലി ഹാളിൽ വച്ച് സംഘടിപ്പിച്ചു. മീറ്റിംഗിൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി (ചെയർമാൻ), ഫാ. ബെന്നി നിരപ്പേൽ (മാനേജിംഗ് ഡയറക്ടർ), ഫാ. ജോസഫ് കാക്കരമറ്റത്തിൽ (മെമ്പർ), ഡോ. ബെനവൻ (മെമ്പർ), പി.ടി. ജോസ് (മെമ്പർ), ബിനോയ് മാട്ടേൽ (മെമ്പർ) എന്നിവരെയും ഉപദേശക ബോർഡ് അംഗങ്ങളായി ശ്രീ. ജേക്കബ് പടിഞ്ഞാത്ത്, വെരി. റവ. ഫാ. ജോസഫ് കാവനാടി, ഫാ. മാത്യു ആശാരി പ്പറമ്പിൽ, ശ്രീ. ബാബു വർഗ്ഗീസ് ശ്രീ. ജോർജ് തയ്യിൽ, ശ്രീ. ജോസഫ് മാത്യു മണ്ഡപത്തിൽ എന്നിവരെയും നിയമിച്ചു.

## ബയോമൗണ്ടൻ മീറ്റിംഗ്

ബയോമൗണ്ടൻ കമ്പനിയുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയിലെ വൈദികർക്ക് തലശ്ശേരി സന്ദേശഭവനിൽ സംഘടിപ്പിച്ച മീറ്റിംഗിൽ കമ്പനിയുടെ പ്രവർത്തന ങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു. രണ്ട് ഘട്ടങ്ങളിലായി ഒരുക്കിയ മീറ്റിംഗിൽ അതിരൂപതയിലെ 300-ൽ പരം വൈദികർ പങ്കെടുത്തു.

## ശിൽപശാല സംഘടിപ്പിച്ചു

കാർഷികമേഖലയുടെയും കർഷകരുടെയും ഉന്നമനം ലക്ഷ്യംവച്ചു കൊണ്ട് തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച TSSS - ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിച്ചു. നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ **"ആധുനിക കാർഷിക മേഖലയുടെ ഉന്നമനം മൂല്യവർദ്ധിത ഉൽപന്നങ്ങളിലൂടെ"** എന്ന വിഷയത്തിൽ സ്പൈസസ് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ (Dev. & OSD-P&C), (Ministry of Commerce & Industry, Govt. of India) ഡോ. ജോജി മാത്യു മുഖ്യപ്രഭാഷണവും ശിൽപശാലയുടെ ഉദ്ഘാടനകർമ്മവും നിർവ്വഹിച്ചു. തലശ്ശേരി അതിരൂപത വികാരി ജനറാളും ബയോമൗണ്ടൻ ഫാർമേഴ്സ് കമ്പനി ചെയർമാനുമായ

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് TSSS ഡയറക്ടറും ബയോമൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടറുമായ റവ. ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിച്ചു. സ്പൈസസ് ബോർഡ് സീനിയർ ഫീൽഡ് ഓഫീസർ (കോഴിക്കോട്) ഡോ. മുഹമ്മദ് ഷമീർ, BPD ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച് (IISR) ബിസിനസ് മാനേജർ ശ്രീ. അബ്ദുൾ റസാഖ്, ഇൻഫാം ദേശീയ സെക്രട്ടറിയും നെല്ലിക്കാംപൊയിൽ ഫൊറോന വികാരിയുമായ വെരി റവ. ഫാ. ജോസഫ് കാവനാടി, IMA സ്റ്റേറ്റ് സെക്രട്ടറിയും ബയോമൗണ്ടൻ ഡയറക്ടർ ബോർഡ് മെമ്പറുമായ ഡോ. ബെനവൻ, ഡയറക്ടർ ബോർഡ് മെമ്പർ ശ്രീ. പി.ടി. ജോസ്, TSSS റീജിയണൽ ഡയറക്ടർമാരായ റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, ജോസഫ് കുരിശുംമൂട്ടിൽ, വിവിധ കാർഷിക മേഖലകളിൽ പ്രവർത്തിച്ചുവരുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 200-ഓളം കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## തുടർ പ്രവർത്തനങ്ങൾ

1. എല്ലാ ഇടവകയിലും മിനിമം ഇരുപത്, അല്ലെങ്കിൽ അതിൽ കൂടുതൽ ബയോമൗണ്ടൻ യൂണിറ്റുകൾ ആരംഭിക്കുകയും ഓരോ യൂണിറ്റുകൾക്കും പ്രസിഡണ്ട്, സെക്രട്ടറി, വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, ഖജാൻജി തുടങ്ങി അഞ്ചംഗ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.
2. ഇടവകകളിൽ ആരംഭിക്കുന്ന 50 ബയോമൗണ്ടൻ യൂണിറ്റുകളിലെങ്കിലും 50% മുതൽ 80% വരെ സബ്സിഡിയോടുകൂടി കാർഷിക യന്ത്രങ്ങളുടെയും മറ്റു ഉപകരണങ്ങളുടെയും വിതരണം.
3. ഐശ്വര്യ കറിപൗഡർ യൂണിറ്റ് വിപുലീകരിച്ച് കമ്പനിയുടെ പേരോടുകൂടി മായം കലരാത്ത ശുദ്ധമായ കറിപൗഡറുകളുടെയും, മികച്ച ഗുണനിലവാരത്തോടുകൂടിയുള്ള ചായപ്പൊടിയുടെയും, സോപ്പ്, സോപ്പുപൊടി, ലിക്വിഡ്, ഡിഷ്‌വാഷ് തുടങ്ങി വിവിധ ഉൽപന്നങ്ങളുടെയും വിതരണം.

സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ
ബയോമൗണ്ടൻ

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ, ബയോമൗണ്ടൻ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂൺ 2022

21 മേരിഗിരി ഫൊറോനയിൽ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റർമാരുടെയും മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. രയറോം ഇടവകയിൽ നിര്യാതനായ ബഹു. മുളങ്കാട്ടിൽ ഇഗ്നേഷ്യസ് അച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് മുളങ്കാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. എകെസിസി യുടെ നേതൃത്വത്തിൽ ചെറുപുഴയിൽ നടന്ന കർഷക പ്രക്ഷോഭം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം മൈനർ സെമിനാരി യിൽ സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

22 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചെറുപുഷ്പ മിഷൻ ലീഗിന്റെ അതിരൂപത വൈസ് ഡയറക്ടർ ആയിരുന്ന ബഹു. സി. റോഷിനി എഫ്സിസിയുടെ വിടവാങ്ങൽ ചടങ്ങിൽ പങ്കെടുത്തു. തലശ്ശേരി മൈനർ സെമിനാരിയിൽ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു

23 തോമാപുരം ഫൊറോനയിലെ ബഹു. വൈദികരുടെയും കൈക്കാര ന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ബഹു. ഫ്രാൻസിസ് മേച്ചിറാകത്ത് അച്ചന്റെ ഭവനം സന്ദർശിച്ചു.

24 കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥി കൾക്കായി ക്ലാസ് നയിച്ചു. ടീച്ചേഴ്സ് ഗിൽഡിന്റെ സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനെ സ്വീകരിച്ചു. ബഫർ സോണുമായി ബന്ധപ്പെട്ട് അഭിവന്ദ്യപിതാക്കന്മാരോത്തുള്ള ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

25 തോമാപുരത്ത് വച്ച് ബഹു. അബ്രാഹം പോണാട്ടച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

26 ബാംഗ്ലൂർ സെന്റ് തോമസ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

27 കരുണാപുരം ഇടവകയിൽ ശ്രീ. ഷിന്റോ കാഞ്ഞിരത്തിങ്കലിന്റെ ഭവന

ത്തിന്റെ വെഞ്ചിരിപ്പുകർമം നിർവഹിച്ചു. വായാട്ടുപറമ്പ് ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും മീറ്റിംഗിൽ പങ്കെടുത്തു. ബഫർ സോൺ വിഷയവുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

28 ബഫർ സോൺ വിഷയമായി ബന്ധപ്പെട്ട് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മാനന്തവാടി ഫോറസ്റ്റ് ഓഫീസിനു മുമ്പിൽ നടത്തിയ ധാരണയിൽ മുഖ്യപ്രഭാഷണം നടത്തി. ചെറുപുഷ്പ മിഷൻലീഗിന്റെ മേഖല ഡയറക്ടർമാരുടെ മീറ്റിംഗ് തളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തളിപ്പറമ്പ് ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. കണ്ണൂർ മേയർ ടി. ഒ. മോഹനനെ തളിപ്പറമ്പ് ഇടവകയിൽ സ്വീകരിച്ചു.

29 ബൽത്തംഗടി രൂപത നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

30 ബഫർ സോൺ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി അടിയന്തരമായി വിളിച്ചു ചേർത്ത പ്രത്യേകയോഗത്തിൽ പങ്കെടുത്തു.

## ജൂലൈ 2022

01 മട്ടന്നൂർ ഗസ്റ്റ്ഹൗസിൽവച്ച് ബഫർ സോൺവിഷയവുമായി ബന്ധപ്പെട്ട് ശ്രീ. രാഹുൽഗാന്ധിയുമായി കൂടിക്കാഴ്ച നടത്തി. കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർഥികൾക്കായി ക്ലാസ് നയിച്ചു. കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽഹൗസിൽ നിര്യാതയായ സി. എലൈസ് തുളുവനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. ഡോക്ടേഴ്സ് ഡേയുമായി ബന്ധപ്പെട്ട് തലശ്ശേരി സോഷ്യൽ വെൽഫെയർ ട്രസ്റ്റ് ഡോക്ടേഴ്സിന് നൽകിയ സ്വീകരണം തലശ്ശേരി പാരീസ് റസിഡൻസിയിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ കൂരിയാ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

02 സന്ദേശഭവനിൽവച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തീയോളജി ആന്റ് സയൻസിന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

03 ചെന്നൈ മൈലാപൂരിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

04-06 വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്ത് വൈദികരെ വ്യക്തിപരമായി കണ്ടു.

07 പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലിയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വെള്ളരി ക്കുണ്ട് ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

08 ചെറുപുഴ ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

09 എടൂർ ഫൊറോന ദൈവാലയത്തിൽവച്ച് ഡോ. മിഥുൻ മണ്ഡപത്തി ലിന്റെയും ഡോ. ആഷിത ചൂരനോലിക്കലിന്റെയും വിവാഹം ആശീർ വദിച്ചു. മേരിഗിരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട യുവജന മഹാസമ്മേളനം ചോസൺ 2K22 ഉദ്ഘാടനം ചെയ്തു. കിളിയന്തറ ഇടവകയിൽ ബഹു. ഫാ. സ്കറിയ കല്ലൂർ അച്ചന്റെ മാതാ പിതാക്കളുടെ വിവാഹത്തിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വീരാജ്പേട്ടയിൽ ഉള്ള നേഴ്സിംഗ് കോളേജ് സന്ദർശിച്ചു.

10 കണ്ണൂർ തിരുക്കുടുംബ ദൈവാലയത്തിൽ സഭാ നവീകരണവർഷം ഉദ്ഘാടനം ചെയ്ത് വിശുദ്ധ കുർബാന അർപ്പിച്ചു. പരിയാരത്തുള്ള കണ്ണൂർ രൂപതയുടെ പുതിയ മൈനർ സെമിനാരിയുടെ വെഞ്ചിരിപ്പ് കർമത്തിൽ പങ്കെടുത്തു. ദീപിക ദിനപത്രത്തിന്റെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

11-13 വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്ത് വൈദികരെ വ്യക്തിപരമായി കണ്ടു.

13 റൂഹാലയ മേജർ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സിംപോസിയം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട മാസധ്യാനത്തിൽ പങ്കെടുത്തു.

14 ബഹു. നോബിൾ അച്ചന്റെ പൗരോഹിത്യ രജത ജൂബിലിയോട് അനുബന്ധിച്ച് വായാട്ടുപറമ്പ് ഇടവകയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിനോടൊപ്പം വി. കുർബാന അർപ്പിച്ചു. കരുവഞ്ചാൽ ആശുപത്രിയുടെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു. ബഹു. ജോസഫ് കളരിക്കൽ അച്ചനെ സന്ദർശിച്ചു.

16 എടൂർ ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്സിന്റെയും മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ആറളം ഫാമിൽ ആനയുടെ അക്രമത്തിൽ നിര്യാതനായ ദാമുവിന്റെ ഭവനം സന്ദർശിച്ചു.

പേരാവൂർ മൗണ്ട് കാർമൽ ആശ്രമത്തിൽ കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

17 ചെട്ടിയാംപറമ്പ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18 അങ്ങാടിക്കടവിൽവച്ച് കുന്നോത്ത് ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോർഡിനേറ്റേഴ്‌സിന്റെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

19 ചെമ്പന്തൊട്ടി ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കോഡിനേറ്റേഴ്സിന്റെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കണ്ണൂർ ശ്രീപുരം പാസ്റ്റർ സെന്ററിൽവച്ച് കോട്ടയം അതിരൂപത നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

20 അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കോഴിക്കോട് സിഎസ്ടി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

## Programme of the Archbishop

## MAR JOSEPH PAMPLANY

**AUGUST 2022**

| | | | |
|---|---|---|---|
| 01-05 | | - | KCBC Retreat |
| 01 | 11.00 am | - | Trivandram : Bishop Valloppilly Foundation Meeting |
| 02 | 08.30 pm | - | Permanent Synod |
| 04 | 3.30 pm | - | Media Commission Meeting |
| 06 | 10.15 am | - | Sandesabhavan : Vincent De Paul Anniversary |
| 07 | | - | Rayarome: Pastoral Visit |
| 08 | | - | Engaged |
| 09 | | - | Engaged |
| 10 | | - | Visitors' Day |
| | 6.00 pm | - | Monthly Recollection |
| 11 | | - | Padannakkad: Regional Bishop's House (Visitors' Day) |
| 12 | | - | Vadavathoor: Tisserent Lecture |
| 13 | 9.00 am | - | Sandesabhavan: AKCC Youth Co-ordinators' Meet |
| | 10.00 am | - | Minor Seminary: Benefactors Day |
| 14 | | - | Vimalassery: Pastoral Visit |
| 15 | | - | Cathedral: Holy Qurbana |

| | | | |
|---|---|---|---|
| 16-25 | | - | Syro Malabar Synod |
| 27 | | - | Kottayam |
| 28 | 6.30 am | - | Aluva CMC Generalate: Golden Jubilee |
| | 10.00 am | - | Kalamassery: Blessing Fr. Thomas Mannoramparambil East Syrian Liturgical Centre |
| 29 | 5.00 pm | - | MSMI Kannur: Diamond Jubilee |
| 30 | | - | Engaged |
| 31 | 4.00 pm | - | Sreepuram: NKCBC |

**Secretary to the Archbishop**

# Programme of the Archbishop Emeritus
# Mar George Njaralakatt

**AUGUST 2022**

| | | |
|---|---|---|
| 04 | - | Minor Seminary: Holy Qurbana |
| 13 | - | Chempanthotty: Angels Meet |
| 14 | - | Thadikadave: Holy Qurbana |
| 15 | - | Iritty: Holy Qurbana |
| 16-25 | - | Syro Malabar Synod |
| 27 | - | Manikadave: Jubilee - Br Kuriakose MMB |
| 29 | - | Meenangady: Marriage |
| 31 | - | Kanjirakkolly: MSMI Convent Blessing |
| | - | Sreepuram: NKCBC |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂൺ 2022

30 കിളിയന്തറ പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. എലൈസ് തുളുവനാനിക്കൽ എസ്.എ.ബി.എസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

### ജൂലൈ 2022

04 തേർമല ഇടവകയിൽ മഞ്ഞപ്പള്ളി റോഷൻ-അമിത ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

06 രാവിലെ സന്ദേശഭവനിൽ ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സിൽ വി. കുർബാന അർപ്പിച്ചു.

09 പനത്തടി ഇടവകയിൽ മുരിയൻവേലിയിൽ രാജേഷ്-ഷിൻസി ദമ്പതികളുടെ നാലമത്തെ മകൾ ആഗ്നസിന് ആദ്യകുർബാന നൽകി, തുടർന്ന് പനത്തടി പള്ളിയിൽ ശനിയാഴ്ച്ച കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് മുരിയൻവേലിയിൽ രാജേഷിന്റെ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചിരിച്ചു.

11 തലശ്ശേരി അതിരൂപതാംഗമായ ബഹു. പാലമറ്റം മാത്യു അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

12 രാവിലെ സന്ദേശഭവനിൽ ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം മേരിഗിരി ഇടവകയിൽ തലശ്ശേരി അതിരൂപതാംഗമായ ബ്ര. നിഖിൽ ആലപ്പാട്ടിന്റെ പിതാവ് ജോയി ആലപ്പട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

13 തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് കുരീക്കാട്ടിൽ അച്ചന്റെ സഹോദരൻ ശ്രീ. ജോർജ് (കുട്ടിയച്ചൻ) കുരീക്കാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

14 വായാട്ടുപറമ്പ് ഇടവകയിൽ ബഹു. ജോൺ ഓണംകുളം അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് പാലാവയൽ

ഇടവകയിൽ നിര്യാതയായ സി. ടെസി എസ്.എ.ബി.എസിന്റെ മാതാവ് ശ്രീമതി മേരി കണ്ടാവനത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 തലശ്ശേരി സി.എം.സി. കോൺവെന്റിൽ കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

18 കൂടരഞ്ഞി ഇടവകയിൽ നിര്യാതനായ ശ്രീ. ജോസഫ് കുറുന്താനത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

19 ഉളിക്കൽ ഇടവകയിൽവച്ച് നടന്ന സക്കറിയാസ് കൺവെൻഷനിൽ വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം കോളയാട് ഇടവകയിൽ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

Priests' Refresher Course (Batch 01)



Priests' Refresher Course (Batch 02)



RNI Reg. No. *5910/18* Date of Publication: *28/07/2022*
**Registered KL/TLY/20/22-24**
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24



ഓഗസ്റ്റ് 04

# വിശുദ്ധ ജോൺ മരിയ വിയാന്നി

ഇടവക വൈദീകരുടെ മധ്യസ്ഥൻ

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road
Thalassery - 670 101. Published from Archbishop's House, Hollow Way Road,
Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.